ഗൾഫ് മാധ്യമം

# പ്രവാസി അവകാശ പത്രിക



2016



# വോട്ട് 2016

ഗൾഫ് മാധ്യമം

# പ്രവാസി അവകാശ പത്രിക



## ചോരക്കണ്ണീരിൽ ചാലിച്ചെഴുതിയ അവകാശ പത്രിക

പ്രവാസത്തിൻെറ കനൽപഥം താണ്ടി മരിച്ചുജീവിക്കുന്ന പ്രവാസി സമൂഹത്തിന്, നിയമസഭാ തെരഞ്ഞെടുപ്പിൽ അങ്കംവെട്ടി ഭരണപക്ഷവും പ്രതിപക്ഷവുമായ രാഷ്ട്രീയ പാർട്ടി നേതാക്കളോട് ചില കാര്യങ്ങൾ പറയാനുണ്ട്. തെരഞ്ഞെടുപ്പ് മാമാങ്കത്തെ തൃശൂർ പൂരം കാണുന്ന ആവേശത്തിൽ അകലെനിന്ന് നോക്കിനിൽക്കാനല്ലാതെ ഇടപെടാൻ എപ്പോഴാണ് അവസരം ലഭിക്കുക എന്നറിയാതെ വേഴാമ്പലിനെപ്പോലെ മാനംനോക്കിയിരിക്കുന്നവരാണ് പ്രവാസികൾ. എണ്ണവിലയിടിവും സ്വദേശിവത്കരണവും മൂലം പ്രതിസന്ധി നേരിടുന്ന പ്രവാസികൾ ചെകുത്താനും കടലിനും മധ്യേ എന്ന ഭീകരാന്തരീക്ഷത്തിലാണിപ്പോൾ. തൊഴിൽ നഷ്ടപ്പെടുമെന്ന ഭീതിയോടൊപ്പം ഗൾഫിൽ പിടിച്ചുനിൽക്കാൻ ശ്രമിക്കുന്നവർ പോലും താങ്ങാനാവാത്ത ജീവിതച്ചെലവു കാരണം ശ്വാസംമുട്ടുകയാണ്.

സാമ്പത്തിക പരിഷ്കരണ പരിപാടികൾ പല ഗൾഫ് രാഷ്ട്രങ്ങളും ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. സാധാരണക്കാർക്ക് നൽകിയിരുന്ന സബ്സിഡി എടുത്തുകളയുകയാണ് ചില രാഷ്ട്രങ്ങൾ. ശമ്പളം വെട്ടിക്കുറച്ചും നികുതി ഏർപ്പെടുത്തിയും സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ വേറെയും നീക്കങ്ങൾ. കിട്ടുന്ന വരുമാനം അവിടെത്തന്നെ ചെലവഴിക്കണമെന്ന പടിഞ്ഞാറിൻെറ തിയറിയാണ് ചില രാഷ്ട്രങ്ങൾ സ്വീകരിക്കാൻ പോകുന്നത്. ഇനി ഇപ്പണി മതിയാക്കി നാട്ടിലേക്ക് തിരിക്കാമെന്ന് കരുതിയാലോ, തുലഞ്ഞതുതന്നെ. നാട്ടിൽ ഷൈലോക്കുകൾ പ്രവാസി മാംസത്തിനായി കാത്തിരിക്കുകയാണ്. കൂടാതെ, അമിത ജീവിതഭാരവും ദുസ്സഹമായ വിലക്കയറ്റവും സൂര്യാതപത്തെ അതിജയിക്കും വിധം ഭീകരമാണ്. വിഷത്തിനുപോലും വിലകയറിയിരിക്കെ ‘നിരോധമാണോ വർജനമാണോ’ എന്ന പ്രഹേളികയിലാണ് രാഷ്ട്രീയ പാർട്ടികളുടെ ഇടംവലം ചർച്ചതന്നെ.

പ്രവാസി സമൂഹം കേരള സാമ്പത്തിക മേഖലയെ എത്രയേറെ സഹായിക്കുന്നുവെന്നത് ഇനി പറയുന്നില്ല; അത് ക്ലീഷെ ആയിക്കഴിഞ്ഞു. പാർട്ടികൾ പ്രവാസികളിൽനിന്ന് തെരഞ്ഞെടുപ്പ് ഫണ്ടിലേക്ക് പിഴിഞ്ഞെടുക്കുന്നത് കോടികളാണ്. മുമ്പൊക്കെ നോട്ടിന് വോട്ട് എന്നതായിരുന്നു രാഷ്ട്രീയപ്രമാണം. എന്നാൽ, പ്രവാസികൾക്ക് വോട്ടില്ല; അവരുടെ നോട്ടുവേണം എന്നായിരിക്കുന്നു പ്രമാണം. ചില മുൻ മന്ത്രിമാർ അഴുക്കാക്കിയതിനാലാവണം പ്രവാസി വകുപ്പ് തന്നെ കേന്ദ്രത്തിൽ നിന്ന് തൂത്തുവാരിക്കളഞ്ഞു. ഇപ്പോൾ പ്രവാസിയുടെ കണ്ണീരൊപ്പാൻ

കേന്ദ്രത്തിലുള്ളത് പട്ടികളെയും കുട്ടികളെയും ഒരേ കണ്ണുകൊണ്ട് കാണുന്ന ഒരു പട്ടാളക്കാരനാണ്. അതുകൊണ്ടുതന്നെ, ഇന്ദ്രപ്രസ്ഥത്തിൽനിന്ന് പ്രവാസികൾ ഏറെയൊന്നും പ്രതീക്ഷിക്കുന്നില്ല.

'ഗൾഫ് മാധ്യമം' 'പ്രവാസി അവകാശ പത്രിക' പുറത്തിറക്കാൻ ഇതൊക്കെയാണ് കാരണം. എയർ ഇന്ത്യയുടെയും സ്വകാര്യ വിമാനക്കമ്പനികളുടെയും ആകാശക്കൊള്ള അവിരാമം തുടരുകയാണ്. വിമാനക്കമ്പനികളുടെ കരുണാരഹിതമായതട്ടിപ്പിന് തടയിടാൻ വർഷങ്ങളായി പ്രവാസികൾ മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയാണ്. 'എയർ കേരള'യെന്ന ആകാശകുസുമം വെറുംവാക്കായിത്തീർന്നു കഴിഞ്ഞു. ഇനി പെട്ടിയുമായി ഗൾഫിലേക്ക് പോയി പെട്ടിയിലേറി തിരിച്ചുവരുന്നവരുടെ കഥയും അതിദയനീയം. ജീവനോടെ നാട്ടിലേക്ക് മടങ്ങാമെന്നുവെച്ചാൽ അതിലും ദയനീയം. വന്നിട്ടെന്തുചെയ്യും? പാവം പ്രവാസികൾ തുടങ്ങിയ ഏർപ്പാടുകളൊക്കെ പരാജയം. ഇനിയും നഷ്ടം സഹിക്കാൻ സാധ്യമല്ലെന്ന അവസ്ഥയിൽ തിരികെ കടൽ കടക്കാൻ തന്നെ ശ്രമം. ഇതൊന്നും അറിയാത്തവരല്ല രാഷ്ട്രീയ നേതാക്കൾ.

വേണം സമൂലമായ പൊളിച്ചെഴുത്ത് എന്നത് നിസ്തർക്കം. പരാതിയും പരിഭവങ്ങളും ആവർത്തിച്ച് പറഞ്ഞും കേട്ടുമിരിക്കുന്ന അവസ്ഥക്ക് മാറ്റം വന്നേ പറ്റൂ. പ്രവാസികളെ അവഗണിക്കുന്ന സാമ്പ്രദായികരീതി അവസാനിപ്പിക്കുകതന്നെ വേണം. പ്രവാസികളുടെ പ്രഭാതഭേരിയായി ഒന്നരപതിറ്റാണ്ടുമുമ്പ് ആരംഭിച്ച 'ഗൾഫ് മാധ്യമം' ഈ അവകാശ പോരാട്ടത്തിൽ ലക്ഷക്കണക്കിന് പ്രവാസികളുടെ മുന്നിൽ നിൽക്കുകയാണ്. പ്രവാസികളുടെ പ്രശ്നങ്ങൾ അവരിൽനിന്നു തന്നെ ചോദിച്ചറിഞ്ഞ് അതിൽ നിന്ന് ആവശ്യകതയും അടിയന്തര സ്വഭാവവും മാനദണ്ഡമാക്കി തെരഞ്ഞെടുത്ത 15 ഇനങ്ങൾ സംസ്ഥാനത്തിന്റെ പുതിയ ഭരണാധികാരികൾക്കും അവരെ നേർവഴിക്ക് നയിക്കാൻ ബാധ്യതപ്പെട്ട പ്രതിപക്ഷത്തിനും മുന്നിൽ വെക്കുകയാണ്. വേഗത്തിലുള്ള പരിഹാരനടപടികളാണ് പ്രവാസലോകം ഒന്നടങ്കം പ്രതീക്ഷിക്കുന്നത്.

തെരഞ്ഞെടുപ്പിന് മുന്നോടിയായി ഈ രചനാത്മക സംരംഭത്തിന് 'ഗൾഫ് മാധ്യമം' ആഹ്വാനം ചെയ്തപ്പോൾ പ്രതികരണവുമായി ആയിരങ്ങളാണ് മുന്നോട്ടുവന്നത്. ഒമ്പതു എഡിഷനുകളിലായി ലക്ഷക്കണക്കിന് വായനക്കാരുള്ള 'ഗൾഫ് മാധ്യമം' പ്രവാസികളുടെ പ്രതികരണങ്ങൾ സമാഹരിച്ചതിന്റെ സംക്ഷിപ്തമാണ് ഈ അവകാശ പത്രിക. ഇത് തെരഞ്ഞെടുപ്പു മുഖത്ത് നടത്തിയ ഒരു ഗിമ്മിക്കല്ല, കണ്ണീരിൽ ചാലിച്ചെഴുതിയ പ്രവാസി പ്രയാസങ്ങളുടെ നേർചിത്രമാണ്. ഈ അവകാശപോരാട്ടം തുടർന്നുകൊണ്ടേയിരിക്കും. അവഗണന ഇനിയും തുടർന്നാൽ 'അളമുട്ടിയാൽ ചേരയും കടിക്കും' എന്ന പഴഞ്ചൊല്ല് ഓർത്താലും.

**വി.കെ. ഹംസ അബ്ബാസ്**
ചീഫ് എഡിറ്റർ, ഗൾഫ് മാധ്യമം

# ഞങ്ങളും കേരളീയരാണ്

മലയാളിയുടെ ഗൾഫ് പ്രവാസം അരനൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. കൊച്ചുകേരളത്തിൽനിന്ന് 30 ലക്ഷത്തിലേറെ പേർ ഗൾഫ് രാജ്യങ്ങളിൽ മാത്രം തനിക്കും കുടുംബത്തിനുമായി ഉപജീവനമാർഗം കണ്ടെത്താൻ പണിയെടുക്കുന്നുണ്ട്. ഇതര ഏഷ്യൻ രാജ്യങ്ങളിലും യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലുമെല്ലാം ലക്ഷക്കണക്കിന് മലയാളികൾ വേറെയും പ്രവാസജീവിതം നയിക്കുന്നു. ഇവരെല്ലാം കൂടി ഒന്നര ലക്ഷം കോടിയോളം രൂപയാണ് കേരളത്തിലേക്ക് വർഷം അയക്കുന്നതെന്നാണ് കണക്ക്. സ്വന്തം നാടിന്റെ സമ്പദ്ഘടനക്ക് ഇത്രവലിയ താങ്ങായി വർത്തിച്ചിട്ടും തങ്ങൾക്ക് ഒരു ഇന്ത്യൻ പൗരനെന്നോ കേരളീയനെന്നോ ഉള്ള പരിഗണന കേന്ദ്ര-സംസ്ഥാന സർക്കാറുകൾ തരുന്നില്ലെന്ന പരാതി പ്രവാസം തുടങ്ങിയ കാലം മുതൽക്ക് ഇവർ ഉന്നയിക്കുന്നുണ്ട്. പ്രത്യേകിച്ച്, ഗൾഫ് പ്രവാസികൾ.

യഥാർഥത്തിൽ കൂട്ടമായി ജീവിക്കുന്ന മറ്റേതൊരു ജനവിഭാഗത്തെയും പോലെയോ അതിനേക്കാളേറെയോ സവിശേഷമായ പരിഗണന അർഹിക്കുന്നുണ്ട് പ്രവാസികൾ. കാരണം, കേരളത്തിലെ നഗരങ്ങളെയും പട്ടണങ്ങളെയും ഗ്രാമങ്ങളെയുമെല്ലാം ചലനാത്മകമാക്കുന്നത് ഇവർ കുടുംബത്തിനും മറ്റും മാസാമാസം അയച്ചുനൽകുന്ന പണമാണ്. വിമാനത്താവളം മുതൽ മുറുക്കാൻ കടവരെ ഗൾഫ് പണത്തെ ആശ്രയിച്ചാണ് മുന്നോട്ടുപോകുന്നത്. രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധികൾ ഗൾഫിൽ ഉടലെടുക്കുമ്പോൾ അതിന്റെ ആദ്യ പ്രതിഫലനം ഉണ്ടാവുക കേരളത്തിലെ വിപണികളിലാണ്. വാഹന, വസ്ത്ര, ആഭരണ വിപണി മുതൽ സാധാരണ പലചരക്ക് കടയിൽവരെ അത് സൃഷ്ടിക്കുന്ന പ്രതികൂല ഓളങ്ങൾ അലയടിച്ചെത്തും.

എന്നാൽ, കുടുംബത്തിനും നാടിനുംവേണ്ടി മറുനാട്ടിൽ കഷ്ടപ്പെടുമ്പോഴും സ്വന്തം രാജ്യം തങ്ങളെ വേണ്ട രീതിയിൽ പരിഗണിക്കുന്നില്ലെന്നത് പ്രവാസികളുടെ എക്കാലത്തെയും പരാതിയാണ്. ഇന്ത്യൻ പൗരനായി അംഗീകരിക്കാൻ ഭരണകൂടം അവർക്ക് നൽകുന്ന പാസ്പോർട്ടുമായി വിമാനം കയറിയാൽ പിന്നെ അന്യതാബോധം പിടികൂടുന്ന വിധത്തിലാണ് സർക്കാറിൻെറ പെരുമാറ്റം. വിമാന സർവിസുകളുടെ താളംതെറ്റലും അമിത ടിക്കറ്റ് നിരക്കും മുതൽ മരിച്ചാൽ മൃതദേഹം നാട്ടിലെത്തിക്കാനുള്ള കടമ്പകൾ വരെ പ്രവാസികൾ അനുഭവിക്കുന്ന നാനാവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അധികാരികൾ കാണിക്കുന്ന നിസ്സംഗത അസഹനീയമാണ്.

നാട്ടിലെ ഭരണ, രാഷ്ട്രീയ നേതൃത്വങ്ങൾ തങ്ങളോട് പുലർത്തുന്ന അവഗണനാനിലപാടിൽ പ്രവാസികൾ ഒന്നടങ്കം അസ്വസ്ഥരും പൂർണമായി അസംതൃപ്തരുമാണെന്ന് ഒരിക്കൽകൂടി വെളിപ്പെടുത്തുന്നതായിരുന്നു 'ഗൾഫ് മാധ്യമം' നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി 2016 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി നടത്തിയ കാമ്പയിന് ലഭിച്ച അഭൂതപൂർവമായ പ്രതികരണം.

1999ൽ ബഹ്റൈനിൽനിന്ന് പ്രഥമ അന്താരാഷ്ട്ര ഇന്ത്യൻ ദിനപത്രമായി തുടങ്ങിയ 'ഗൾഫ് മാധ്യമം' ഇന്ന് ആറ് ജി.സി.സി രാജ്യങ്ങളിൽ ഒമ്പത് എഡിഷനുകളുമായി പ്രവാസി മലയാളികൾക്കിടയിൽ ഏറ്റവുമധികം സ്വാധീനമുള്ള ദിനപത്രമാണ്. നാട്ടിലെ മുക്കുമൂലകളിൽ നടക്കുന്ന വാർത്തകളും സംഭവവികാസങ്ങളും പ്രവാസികൾക്ക് ചൂടോടെ എത്തിക്കുന്നതോടൊപ്പംതന്നെ മണലാരണ്യത്തിൽ വിയർപ്പൊഴുക്കുന്ന ലക്ഷക്കണക്കിന് പ്രവാസികളുടെ സ്പന്ദനവും വികാരങ്ങളും ഒപ്പിയെടുക്കാനും മനസ്സിലാക്കാനും ഗൾഫിലുടനീളം വിപുലമായ വാർത്താശേഖര വൃന്ദമുള്ള 'ഗൾഫ് മാധ്യമ'ത്തിന് സാധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ, പരിഹാരമില്ലാതെപോകുന്ന അവരുടെ മുറവിളികളും ദീനരോദനങ്ങളും പിറന്ന നാട്ടിലെ ഭരണ-രാഷ്ട്രീയ നേതൃത്വത്തിന് മുന്നിൽ അവതരിപ്പിക്കുകയും അതിന് പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യേണ്ടത് ഞങ്ങളുടെ ബാധ്യതയായാണ് 'ഗൾഫ് മാധ്യമം' കാണുന്നത്.

ആഗോള മാർക്കറ്റിങ് സർവേ സ്ഥാപനമായ ഇപ്സോസിൻെറ ഏറ്റവും ഒടുവിലെ റീഡർഷിപ് സർവേ അനുസരിച്ച് സൗദി അറേബ്യ, യു.എ.ഇ, ഖത്തർ, ബഹ്റൈൻ, കുവൈത്ത്, ഒമാൻ എന്നീ രാജ്യങ്ങളിൽ വായനക്കാരുടെ എണ്ണത്തിൽ ഒന്നാം സ്ഥാനത്തുള്ള ഇന്ത്യൻ ദിനപത്രമാണ് 'ഗൾഫ് മാധ്യമം'. സൗദിയിൽ റിയാദ്, ജിദ്ദ, ദമ്മാം, അബഹ എന്നീ നഗരങ്ങളിലായി നാലു എഡിഷനുകളും മറ്റു ഗൾഫ് രാജ്യങ്ങളിൽ ഓരോ എഡിഷനുമായി മറ്റൊരു വിദേശ പത്രത്തിനും എത്തിപ്പിടിക്കാൻ കഴിയാത്തത്ര ഉയരത്തിലാണ് അതിൻെറ സ്ഥാനം. അതിനെല്ലാം ഉപരി പ്രവാസി മലയാളിയുടെ മനസ്സിലുള്ള സ്ഥാനം 'ഗൾഫ് മാധ്യമ'ത്തെ കൂടുതൽ ഉത്തരവാദിത്തബോധമുള്ളവരാക്കുന്നു.


ഈ പശ്ചാത്തലത്തിലാണ് പ്രവാസി അവകാശ പത്രിക തയാറാക്കാൻ 'ഗൾഫ്

മാധ്യമം' മുൻകൈയെടുത്തത്. നിയമസഭാ തെരഞ്ഞെടുപ്പ് നേരിടുന്ന രാഷ്ട്രീയ പാർട്ടികൾക്കും മുന്നണികൾക്കും വരാനിരിക്കുന്ന പുതിയ സർക്കാറിനും മുന്നിൽ നിങ്ങൾക്ക് പറയാനുള്ള ആവലാതികളും പരാതികളും നിർദേശങ്ങളും മുന്നോട്ടുവെക്കാൻ വായനക്കാരോട് അഭ്യർഥിച്ചപ്പോഴുണ്ടായ വൻ പ്രതികരണം അവർ അധികാരികളുടെ നിലപാടിൽ എത്രമാത്രം അസംതൃപ്തരും രോഷാകുലരുമാണെന്ന് വ്യക്തമാക്കുന്നതായിരുന്നു. വീടിനും നാടിനുംവേണ്ടി അത് രണ്ടും ഉപേക്ഷിച്ച് മറുനാട്ടിൽ വിയർപ്പൊഴുക്കുന്ന തങ്ങളോട് ഏറ്റവും ഹീനമായ അവഗണനാ നിലപാടാണ് മാറിമാറി വരുന്ന സർക്കാറുകൾ പുലർത്തുന്നതെന്ന് അവർ പരാതിപ്പെടുന്നു. പതിറ്റാണ്ടുകളായി ഉന്നയിക്കുന്ന തങ്ങളുടെ ആവലാതികൾ ഇന്നും പരിഹാരമില്ലാതെ തുടരുന്നതാണ് ഈ അവഗണനക്ക് തെളിവായി അവർ മുന്നോട്ടുവെക്കുന്നത്. അവഗണനക്കപ്പുറം സ്വന്തം നാട്ടിൽ തിരിച്ചെത്തുമ്പോൾ വിമാനത്താവളത്തിലും സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമെല്ലാം ഒരു വിഭാഗം ഉദ്യോഗസ്ഥർ തങ്ങളെ അക്ഷരാർഥത്തിൽ പീഡിപ്പിക്കുന്നതായും സാമ്പത്തികചൂഷണം നടത്തുന്നതായും അവർ കണ്ണീരോടെ പറയുന്നു. പ്രവാസികൾ ഏറെയുള്ള മറ്റു രാജ്യങ്ങളെല്ലാം ആ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി ആദരിക്കുമ്പോഴാണ് കേരളത്തിൽ തങ്ങൾ ഇരകളായി മാറുന്നതെന്നാണ് അവരുടെ പരിഭവം. ഒമ്പതു എഡിഷനുകളിലേക്ക് വായനക്കാർ അയച്ചുതന്ന കുറിപ്പുകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട നൂറുകണക്കിന് പ്രതികരണം 'ഗൾഫ് മാധ്യമം' പ്രസിദ്ധീകരിച്ചിരുന്നു. ഇവയിലെല്ലാം സാധാരണ മലയാളി പ്രവാസിയുടെ ക്ഷോഭം നിറഞ്ഞൊഴുകുകയായിരുന്നു. പരിദേവനങ്ങൾ മാത്രമല്ല, പ്രശ്ന പരിഹാരത്തിനുള്ള നിരവധി നിർദേശങ്ങളും അഭിപ്രായങ്ങളും അവർ മുന്നോട്ടുവെച്ചു.

പ്രവാസികൾ എന്നു കേൾക്കുമ്പോൾ സമ്പന്നതയിൽ കഴിയുന്ന സുഖലോലുപരാണെന്ന ധാരണ നാം മാറ്റേണ്ടിയിരിക്കുന്നു. വളരെ ചെറിയൊരു ശതമാനം മാത്രമേ അങ്ങനെ സുസ്ഥിരമായ ജീവിതവിജയം നേടിയവരുടെ പട്ടികയിലുള്ളൂ. കുറഞ്ഞ ശമ്പളത്തിന് കൂടുതൽ സമയം കഠിനാധ്വാനം ചെയ്ത് ജീവിതത്തിൻെറ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പാടുപെടുന്നവരാണ് വലിയൊരു വിഭാഗം. ചെറിയ മുറിയിൽ അടുക്കടുക്കായി സ്ഥാപിച്ച കട്ടിലിൽ ചുരുണ്ടുകൂടിയും പ്രാഥമിക ആവശ്യങ്ങൾക്ക് വരിനിന്നും താൽപര്യമുള്ള ഭക്ഷണം കഴിക്കാതെയും ആവശ്യമുള്ള ചികിത്സ നടത്താതെയും മുന്നോട്ടുപോകുന്നവരാണ് ഭൂരിഭാഗവും. കിട്ടുന്ന തുച്ഛമായ ശമ്പളത്തിൻെറ വലിയ ഭാഗവും നാട്ടിൽ കുടുംബത്തിനയച്ചുകൊടുക്കുന്ന ഈ പാവങ്ങൾക്ക് അവസാനം തിരിച്ചുപോകുമ്പോൾ വലിയ കടബാധ്യതയും മാറാരോഗങ്ങളുമാണ് കൂട്ടുണ്ടാവുക. സാമാന്യം നല്ല ശമ്പളത്തോടെ സൗകര്യപൂർവം സന്തോഷത്തോടെ കഴിയുന്ന വിദ്യാസമ്പന്നരായ പ്രവാസികളുമുണ്ട്. പക്ഷേ എണ്ണവിലയിടിവിനെതുടർന്ന് ഗൾഫിലെങ്ങും രൂപപ്പെട്ട സാമ്പത്തിക പ്രതിസന്ധി തങ്ങളുടെ ജോലിയെ ബാധിക്കുമോ എന്ന ആശങ്കയിലാണ് ഇപ്പോൾ ഇവരും. ചുരുക്കത്തിൽ, അസ്വസ്ഥമായ ജീവിതമാണ് ഭൂരിഭാഗം പ്രവാസി മലയാളികളും

ഗൾഫിൽ നയിക്കുന്നത്. അതുകൊണ്ടുതന്നെ, ഇവരോടൊപ്പം നിൽക്കുകയും അവരുടെ പരാതികളും പരിദേവനങ്ങളും കേൾക്കുകയും അതിന് പരിഹാരം കണ്ടെത്തുകയും ചെയ്യേണ്ടത് കേന്ദ്ര, സംസ്ഥാന സർക്കാറുകളുടെ ബാധ്യത തന്നെയാണെന്ന് ഞങ്ങൾ കരുതുന്നു.

നേരത്തേ വിശദീകരിച്ചപോലെ, ഒരു മാസക്കാലം നീണ്ട കാമ്പയിനിലൂടെ ലഭിച്ച പ്രവാസികളുടെ അഭിപ്രായങ്ങളിൽനിന്ന് മനസ്സിലാക്കിയ അവരുടെ മുഖ്യ പ്രശ്നങ്ങളും പ്രയാസങ്ങളും 'ഗൾഫ് മാധ്യമം' കേരളത്തിലെ പ്രധാന രാഷ്ട്രീയ പാർട്ടികൾക്കും പുതിയ സർക്കാറിനും പ്രതിപക്ഷത്തിനും സമർപ്പിക്കുകയാണ്. അടിയന്തര പരിഹാരം ആവശ്യമായ 15 പ്രശ്നങ്ങൾ കണ്ടെത്തി മുൻഗണനാ അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ഇതിൽ അക്കമിട്ട് പറയാത്ത നിരവധി പരാതികളും ആവശ്യങ്ങളും വേറെയുണ്ടെങ്കിലും അടിയന്തര പരിഹാരം ആവശ്യമായ പൊതുപ്രശ്നങ്ങളാണ് ആദ്യഘട്ടമെന്ന നിലയിൽ ഇവിടെ അവതരിപ്പിക്കുന്നത്. കേന്ദ്ര സർക്കാറിൽ സമ്മർദം ചെലുത്തേണ്ടതും സംസ്ഥാന സർക്കാറിനുതന്നെ ചെയ്യാവുന്നതുമായ വിഷയങ്ങൾ ഇതിലുണ്ട്. ഇതിലെ നടപടിക്കപ്പുറം ഗൾഫ് പ്രവാസികളെ രണ്ടാംകിട പൗരന്മാരായി കാണുന്ന അധികാരികളുടെയും ഉദ്യോഗസ്ഥരുടെയുമെല്ലാം നിലപാടുകളിൽ മാറ്റം വേണമെന്നാണ് അവരുടെ അഭിപ്രായങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന പൊതുവികാരമെന്ന് അറിയിക്കട്ടെ. ഈ അവകാശപത്രിക പ്രവാസികളുടെ പൊതുവികാരമായി കണ്ട് പരിഹാരനടപടികളും അതിന് മുമ്പായി അനുകൂല പ്രതികരണവും ഉണ്ടാകണമെന്ന് കേരളത്തിലെ ഭരണ, രാഷ്ട്രീയ നേതൃത്വങ്ങളോട് ഞങ്ങൾ അഭ്യർഥിക്കുന്നു. പ്രവാസികളുടെ പ്രശ്നം പരിഹരിക്കാനുള്ള ഏതു ശ്രമങ്ങളിലും ഒന്നര പതിറ്റാണ്ടിലേറെയായി ഗൾഫ് പ്രവാസികളുടെ അകവും പുറവും അറിയുന്നവരെന്ന നിലയിൽ 'ഗൾഫ് മാധ്യമ'ത്തിന്റെ ഭാഗത്തുനിന്ന് എല്ലാവിധ സഹായവും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.






# 1 ആകാശക്കൊള്ള നിർത്തണം

പ്രവാസിയുടെ യാത്രാ ദുരിതമാണ് കാലങ്ങളായി പരിഹരിക്കപ്പെടാത്ത മുഖ്യ പ്രശ്നമായി 'ഗൾഫ് മാധ്യമം' വായനക്കാർ ചൂണ്ടിക്കാട്ടിയത്. തിരക്കേറിയ സമയത്ത് നിയന്ത്രണമില്ലാതെ വിമാനയാത്രാകൂലി കുത്തനെ വർധിപ്പിക്കുന്ന രീതി അവസാനിപ്പിക്കേണ്ടതുണ്ട്. ഗൾഫിൽ സ്കൂൾ അവധി വരുന്ന സമയത്തും നാട്ടിൽ വിവിധ ആഘോഷങ്ങൾ നടക്കുന്ന വേളകളിലും വിമാനക്കമ്പനികളുടെ കഴുത്തറപ്പൻ നിരക്ക് താങ്ങാനാകാതെ എത്രയോ കുടുംബങ്ങൾ ബുദ്ധിമുട്ടുന്നു. കുറഞ്ഞ നിരക്കിൽ വിമാന ടിക്കറ്റ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് എയർ ഇന്ത്യ എക്സ്പ്രസ് എന്ന ബജറ്റ് വിമാനക്കമ്പനി കേന്ദ്രസർക്കാർ തുടങ്ങിയതെങ്കിലും തിരക്ക് നോക്കി നിരക്ക് വർധിപ്പിക്കുന്നതിൽ ഇവരും മുന്നിലാണ്.

വളരെ കുറഞ്ഞ ശമ്പളത്തിൽ ഗ്രോസറികളിലും കഫ്തീരിയകളിലും സൂപ്പർമാർക്കറ്റുകളിലും മറ്റും ജോലിചെയ്യുന്ന ലക്ഷക്കണക്കിന് മലയാളികൾ സീസൺ സമയത്ത് നാട്ടിൽപോകാൻ ആഗ്രഹിച്ചാൽ രണ്ടും മൂന്നും മാസത്തെ ശമ്പളം ടിക്കറ്റിനായി നൽകേണ്ട അവസ്ഥയാണ്. കുടുംബസമേതം ജീവിക്കുന്ന ഇടത്തരക്കാരും നാട്ടിൽപോകാൻ ലക്ഷക്കണക്കിന് രൂപ ചെലവഴിക്കണം.

സ്കൂൾ അവധിക്ക് മാത്രമേ ഇവർക്ക് നാട്ടിൽപോകാനാകൂ എന്നതിനാൽ വിമാനക്കമ്പനികളുടെ കൊലനിരക്കിന് വഴങ്ങുകയേ ഇവർക്ക് നിവൃത്തിയുള്ളൂ. നാട്ടിൽ വിദ്യാലയങ്ങൾ മധ്യവേനലവധിക്ക് അടക്കുമ്പോൾ കുടുംബത്തെ ഇങ്ങോട്ടു കൊണ്ടുവരാനും ഇതേ ടിക്കറ്റ് നിരക്ക് പ്രവാസികൾക്കു മുന്നിൽ പ്രയാസം സൃഷ്ടിക്കുന്നു. അതേസമയം, തിരക്ക് കുറഞ്ഞ സീസണിൽ കുറഞ്ഞ നിരക്കിൽ ടിക്കറ്റ് ലഭ്യവുമാണ്. വർഷത്തിലുടനീളം നിരക്കിൽ ഏറക്കുറെ തുല്യത വരുത്തുകയും ഈടാക്കാവുന്ന പരമാവധി നിരക്ക് നേരത്തേ സർക്കാർ ഇടപെട്ട് നിജപ്പെടുത്തുകയും ചെയ്യുകയാണ് ഇതിന് പരിഹാരമായി നിർദേശിക്കപ്പെടുന്നത്. സർക്കാർ നിയന്ത്രണത്തിലുള്ള എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും ഇക്കാര്യത്തിൽ മാതൃക കാണിച്ചാൽ മറ്റു സ്വകാര്യ, വിദേശ കമ്പനികളും ഇതേ പാത തുടരാൻ നിർബന്ധിതരാകും.  വിമാനങ്ങളും സീറ്റുകളും കുറഞ്ഞതിനാലാണ് തിരക്കേറുമ്പോൾ നിരക്ക് കൂട്ടുന്നതിൻെറ അടിസ്ഥാന കാരണം. അതുകൊണ്ടുതന്നെ, കൂടുതൽ വിമാനങ്ങളും സർവിസുകളും ആരംഭിക്കുകയെന്നത് ലളിതമായ പരിഹാരമാണ്. നിരവധി വിദേശ വിമാനക്കമ്പനികൾ കേരളത്തിലേക്ക് സർവിസ് ആരംഭിക്കാൻ അനുമതി കാത്തുകഴിയുകയാണെന്ന് ഓർക്കേണ്ടതുണ്ട്.

അതോടൊപ്പം, എയർ കേരള  എന്ന കേരള സർക്കാറിൻെറ സ്വന്തം വിമാനക്കമ്പനിയെന്ന ആശയം യാഥാർഥ്യമാക്കാനും ഗൗരവമായ ശ്രമം ആവശ്യമാണ്.

മലയാളികൾ ഗൾഫ് കുടിയേറ്റം ആരംഭിച്ച കാലം മുതൽ പരാതിപ്പെട്ട് വരുന്ന ഗൾഫുകാരുടെ യാത്രാപ്രശ്നത്തിന്  ഫലപ്രദവും ശാശ്വതവുമായ പരിഹാരം ഇതുവരെയും കണ്ടെത്താൻ കേരളത്തിൽ മാറിമാറി വന്ന സർക്കാറുകൾക്ക് സാധിച്ചിട്ടില്ല.

വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങളിലൊക്കെ തീരുമാനം കൈക്കൊള്ളുന്നത് കേന്ദ്ര സർക്കാറാണെങ്കിലും തങ്ങളുടെ ആവശ്യങ്ങൾ ഫലപ്രദമായി ഉന്നയിക്കാനും വേണ്ട അനുമതിയും സാമ്പത്തിക സഹായവും നേടിയെടുക്കാനും സംസ്ഥാന സർക്കാറിന് സാധിക്കും. അതിനായി പുതിയ സർക്കാർ ആദ്യം ചെയ്യേണ്ട ഏറ്റവും അടിയന്തരമായ കാര്യം സംസ്ഥാന ഭരണത്തിൻെറ കീഴിൽ വ്യോമയാന വകുപ്പ് രൂപവത്കരിക്കുക എന്നതാണെന്ന് ഈ മേഖലയിലെ വിദഗ്ധർ പറയുന്നു. പരിസ്ഥിതി, സുരക്ഷ, സാമ്പത്തികം, വാണിജ്യം തുടങ്ങിയ വിവിധ വകുപ്പുകളെയും അതോടനുബന്ധിച്ച സങ്കീർണമായ ധാരാളം വിഷയങ്ങളെയും ഏകോപിപ്പിച്ച് സമയബന്ധിതമായി പ്രവർത്തിക്കേണ്ട

മേഖലയാണ് വ്യോമയാനം. അതുകൊണ്ടുതന്നെ, പ്രസ്തുത മേഖലകളിൽ പ്രഗല്ഭരും പ്രശസ്തരുമായ അനുഭവജ്ഞരെ ഉൾപ്പെടുന്ന ഒരു വകുപ്പ് രൂപവത്കരിച്ചാൽ കേരളത്തിൻെറ ആവശ്യങ്ങൾ കേന്ദ്രത്തെ ബോധ്യപ്പെടുത്തി ആവശ്യമായ അനുമതിയും സാമ്പത്തിക സഹായവും കൃത്യമായി നേടിയെടുക്കാൻ സാധിക്കും.

അന്താരാഷ്ട്ര യാത്രക്കാരുടെ എണ്ണത്തിൽ ചെന്നൈയേക്കാൾ മുൻപന്തിയിലാണെങ്കിലും കരട് വ്യോമയാനനയത്തിൽ രാജ്യത്ത് പ്രഖ്യാപിച്ച ഹബ്ബ് വിമാനത്താവളങ്ങളുടെ പട്ടികയിൽ കേരളത്തിലെ ഒരു വിമാനത്താവളത്തെയും ഉൾപ്പെടുത്താത്തത് ഇത്തരത്തിലുള്ള ഏകോപിപ്പിച്ച പ്രവർത്തനങ്ങളുടെ അഭാവം മൂലമാണെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്.

ഒരു അന്താരാഷ്ട്ര വിമാനത്താവളം പോലുമില്ലാത്ത ഛത്തിസ്ഗഢ് ഉൾപ്പെടെയുള്ള ഇന്ത്യയിലെ 15ഓളം സംസ്ഥാനങ്ങളിൽ വ്യോമയാന വകുപ്പ് നിലവിലുണ്ടെന്നാണ് ഈ മേഖലയിലുള്ളവർ പറയുന്നത്. അതേസമയം, നാലു അന്താരാഷ്ട്ര വിമാനത്താവളങ്ങൾ പ്രവർത്തിക്കുന്ന കേരളത്തിൽ ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ഫിഷറീസ് മന്ത്രിയാണ്. മാത്രമല്ല, കേരളത്തിലെ ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് സംസ്ഥാനത്തെ വ്യോമയാന മേഖലയുടെ ഇപ്പോഴത്തെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥൻ. അതുകൊണ്ടുതന്നെ 'എയർകേരള' പോലുള്ള പദ്ധതികളുടെ ആവശ്യകത കേന്ദ്രത്തെ ബോധ്യപ്പെടുത്തുന്നതിനോ, അതിന് അനുമതി നേടിയെടുക്കാനോ കഴിയുന്നില്ല.




## 2

## കിട്ടാക്കനിയായ പ്രവാസി വോട്ട്

പ്രവാസിയെ രണ്ടാംതരം പൗരന്മാരായി രാഷ്ട്രീയ-ഭരണ നേതൃത്വങ്ങൾ കരുതുന്നതിൽ മുഖ്യകാരണം വോട്ടവകാശം ഇല്ലാത്തതാണെന്ന് വിദേശ ഇന്ത്യക്കാരിൽ ഭൂരിഭാഗവും കരുതുന്നു. വോട്ടവകാശം ഉണ്ടായിരുന്നെങ്കിൽ അഞ്ചു വർഷത്തിലൊരിക്കൽ തങ്ങളുടെ സമ്മതിദാനാവകാശം പ്രയോഗിച്ച് അധികാരികളെക്കൊണ്ട് ആവശ്യങ്ങൾ അംഗീകരിപ്പിക്കാമെന്നും തങ്ങൾക്ക് മതിയായ പരിഗണന ലഭിക്കുമെന്നും അവർ പ്രതീക്ഷിക്കുന്നു.



കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിൻെറ കണക്കനുസരിച്ച് വോട്ടവകാശമുള്ള ഒരു കോടിയിലേറെ ഇന്ത്യക്കാർ വിവിധ രാജ്യങ്ങളിലായുണ്ട്. 2010ൽ ഓൺലൈൻ വഴി വോട്ടർ പട്ടികയിൽ പേർ ചേർക്കാൻ അവസരം ലഭിച്ചെങ്കിലും വോട്ടുചെയ്യാൻ നാട്ടിലെ ബൂത്തിൽ നേരിട്ടെത്തണമെന്ന അവസ്ഥക്ക് മാറ്റമുണ്ടായില്ല. വോട്ടുചെയ്യാനായി അവധിയെടുത്ത്, വൻതുക നൽകി വിമാനടിക്കറ്റെടുത്ത് നാട്ടിലെത്താനാകുന്നവർ വിരലിലെണ്ണാവുന്നവർ മാത്രം.

ഈ പ്രശ്നത്തിന് പ്രതിവിധിയായി നാട്ടിൽവരാതെ തന്നെ ഓൺലൈനായോ തപാൽ വഴിയോ വോട്ട് ചെയ്യാൻ സൗകര്യം വേണമെന്ന ആവശ്യമാണ് ഉയരുന്നത്. ഓൺലൈനിൽ പേർ ചേർക്കാമെങ്കിൽ എന്തുകൊണ്ട് വോട്ട് ചെയ്തുകൂടെന്നാണ് ചോദ്യം. നാട്ടിൽപോകാൻ സാധിക്കുന്ന പണക്കാർക്ക് മാത്രം ഫലത്തിൽ വോട്ടവകാശം നൽകുന്ന പുതിയ സംവിധാനം ഭരണഘടനാ വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി ദുബൈയിലെ ഡോ. ഷംസീർ വയലിൽ ഫയൽ ചെയ്ത ഹരജിയെത്തുടർന്ന് പ്രശ്നത്തിൽ സുപ്രീംകോടതി ഇടപെടലുണ്ടായി. പ്രവാസികൾക്ക് അവർ തൊഴിലെടുക്കുന്ന രാജ്യങ്ങളിൽതന്നെ വോട്ടുരേഖപ്പെടുത്താൻ അവസരം ഉറപ്പാക്കണമെന്ന് 2014 ഏപ്രിലിൽ ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ, ജസ്റ്റിസ് വിക്രംജിത് സെൻ എന്നിവരടങ്ങുന്ന സുപ്രീംകോടതി ബെഞ്ച് ഉത്തരവിട്ടു. വോട്ട് ഭരണഘടനാ അവകാശമാണെന്നും പരമോന്നത കോടതി പറഞ്ഞെങ്കിലും വർഷം രണ്ടു കഴിഞ്ഞിട്ടും പ്രവാസികൾ കാത്തിരിപ്പിൽ തന്നെയാണ്. കോടതി വിദേശ രാജ്യങ്ങളിൽനിന്ന് വോട്ടുചെയ്യാനുള്ള സംവിധാനത്തിൻെറ സാധ്യതയെക്കുറിച്ച് ആരാഞ്ഞപ്പോൾ കേന്ദ്ര സർക്കാറും കേന്ദ്ര തെരഞ്ഞെടുപ്പ് കമീഷനും അനുകൂലമായാണ് പ്രതികരിച്ചത്. ഇ -പോസ്റ്റൽ രീതിയിൽ വോട്ടു ചെയ്യാൻ അവസരമൊരുക്കാമെന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമീഷൻ അറിയിച്ചതിനെ തുടർന്ന് 2015 ജനുവരിയിൽ അത് നടപ്പാക്കാൻ സുപ്രീംകോടതി കേന്ദ്രത്തിന് നിർദേശം നൽകി. എന്നിട്ടും ഒന്നും നടന്നില്ല. ജനപ്രാതിനിധ്യ നിയമത്തിൽ ഭേദഗതി ആവശ്യമായതിനാൽ സർക്കാറും വിവിധ കക്ഷികളും മനസ്സുവെച്ചാലേ പ്രവാസി വോട്ടവകാശം യാഥാർഥ്യമാകൂ. അതിനായി കേരളത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളും മുന്നിട്ടിറങ്ങണമെന്ന് പ്രവാസികൾ ഒന്നടങ്കം ആവശ്യപ്പെടുന്നു. പ്രവാസി അവഗണന എന്നതിലുപരി വോട്ടു നിഷേധം അധികാര നിഷേധം തന്നെയാണ്.

## 3 തിരിച്ചെത്തുന്നവരുടെ പുനരധിവാസം


പുനരധിവാസം പ്രധാന വെല്ലുവിളി

പ്രതിഷേധ വോട്ടി

ഗൾഫ് പ്രവാസികൾ വലിയ പ്രതിസന്ധിയിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. എണ്ണ വിലയിടിവ് തൊഴിൽ മേഖലയെ വലിയ തോതിൽ ബാധിക്കുന്നു. എണ്ണവില മാത്രം അടിസ്ഥാനമാക്കി വാർഷിക ബജറ്റുകൾ പ്രഖ്യാപിക്കുന്ന അറബ് രാജ്യങ്ങൾ സാമ്പത്തിക അച്ചടക്ക നടപടികളിലേക്ക് നീങ്ങുകയാണ്. കൂടാതെ, സ്വദേശിവത്കരണം ത്വരിതഗതിയിലായിരിക്കുന്നു. കേരള-കേന്ദ്ര ഭരണകർത്താക്കൾ ഈ സ്ഥിതിഗതികൾ ഗൗരവപൂർവം കണക്കിലെടുത്തില്ലെങ്കിൽ അതിദാരുണമായ അവസ്ഥയുണ്ടാകും. ഭരിക്കുന്നവരും പ്രതിപക്ഷത്ത് ഇരിക്കുന്നവരും കൂട്ടായി ചിന്തിച്ച് അവസരത്തിനൊത്ത് ഉയരേണ്ടതുണ്ട്. അടുത്ത പത്തു വർഷത്തിനുള്ളിൽ തിരിച്ചുവരവിന്റെ തീവ്രത കൂടുകതന്നെ ചെയ്യും.

തൊഴിൽ സുരക്ഷിതത്വത്തിലെ അനിശ്ചിതത്വം മിക്കവാറും എല്ലാ പ്രവാസികളുടെയും തലക്കുമുകളിൽ തൂങ്ങിനിൽക്കുന്നു. നിരവധി പേർക്ക് ഇതിനകം ജോലി നഷ്ടമായിട്ടുണ്ട്. ഉദാഹരണത്തിന് ലക്ഷക്കണക്കിന് മലയാളികൾ ജീവിക്കുന്ന സൗദി അറേബ്യയിൽ സ്വദേശിവത്കരണം വിവിധ മേഖലകളിലേക്ക് വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മൊബൈൽ ഫോൺ കടകൾക്ക് പിന്നാലെ ഹോട്ടൽ, ആരോഗ്യം, ഊർജം എന്നീ മേഖലകളിൽകൂടി 2017 ജനുവരി മുതൽ സ്വദേശിവത്കരണം നടപ്പാക്കുമെന്ന് സൗദി തൊഴിൽ മന്ത്രാലയം പ്രഖ്യാപിച്ചുകഴിഞ്ഞു. 2022 ഓടെ ഈ മേഖലകളിൽ സൗദികൾ മാത്രമേ ഉണ്ടാകാവൂ എന്നാണ് സർക്കാർ തീരുമാനം. മറ്റു ഗൾഫ് രാജ്യങ്ങളും ഇതേ പാതയിൽ തന്നെയാണ്.

തീർച്ചയായും ലക്ഷകണക്കിന് മലയാളികളെ പ്രതിസന്ധിയിലാക്കുന്ന തീരുമാനങ്ങളാണിത്. ഏതു സമയവും ജോലി നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരിച്ചുപോകേണ്ടിവരുന്ന സാഹചര്യം മുന്നിൽക്കണ്ടാണ് മിക്കവരും പ്രവാസലോകത്ത് കഴിയുന്നത്. വരുമാനം കുറയുന്നതും ചെലവ് ക്രമാതീതമായി വർധിക്കുന്നതും ജീവിതത്തിന്റെ താളം തെറ്റിച്ചുകൊണ്ടിരിക്കുന്നു. നിരവധി പേർ തിരിച്ചുപോക്കിനെക്കുറിച്ച് ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. പക്ഷേ നാട്ടിൽ പോയാൽ എങ്ങനെ ജീവിക്കും എന്ന ചോദ്യം ഉത്തരമില്ലാതെ നിൽക്കുന്നു.

നാട്ടിലും പ്രവാസ ലോകത്തുമായി കടബാധ്യതയുള്ളവർ നിരവധി പേരാണ്.

എന്നാൽ, പ്രവാസം മതിയാക്കേണ്ടിവന്ന് നാട്ടിൽ പോകുന്ന വർക്ക് വരുമാനമാർഗത്തിനായി സർക്കാർ കാര്യമായൊന്നും നടപ്പാക്കുന്നില്ല എന്നതാണ് ഗൾഫിൽനിന്നുയരുന്ന മുഖ്യ പരാതി. പ്രവാസി പുനരധിവാസ പാക്കേജുകൾ പ്രഖ്യാപനങ്ങളിൽ ഒതുങ്ങുന്നു. ഇവർക്ക് നാട്ടിൽചെന്നാൽ ജീവിക്കാനുള്ള സാഹചര്യങ്ങളും തൊഴിലുകളും ഉറപ്പുവരുത്താൻ അധികാരികൾക്ക് സാധിക്കണം. പുനരധിവാസത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകണം. പ്രവാസികളുടെ പുനരധിവാസത്തിന് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിക്കണം. താഴ്ന്നനിലയിൽ ജോലിചെയ്യുന്ന പ്രവാസികൾ ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയാൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപടി വേണം. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതുപോലെ, ജോലി നഷ്ടപ്പെട്ടു മടങ്ങുന്ന പ്രവാസികൾക്ക് കുറഞ്ഞനിരക്കിൽ വ്യവസായമോ വ്യാപാരസംരംഭമോ തുടങ്ങാൻ വായ്പ നൽകണം.

നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളിലധികവും പരിചയമില്ലാത്ത ഏതെങ്കിലും ബിസിനസുകളിലേർപ്പെട്ട് പാപ്പരാകുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഇതുകാരണം അവർ വീണ്ടും പ്രവാസിയാകാൻ നിർബന്ധിതരാകുന്നു. ഇതിന് പരിഹാരമായി തിരിച്ചെത്തുന്ന പ്രവാസികൾക്ക് അവരവരുടെ തൊഴിൽപരിചയവും വൈദഗ്ധ്യവും കണക്കിലെടുത്ത് ഉചിതമായ സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കണം. വിദ്യാഭ്യാസ യോഗ്യതയേക്കാളുപരി പ്രവൃത്തിപരിചയത്തിൻെറ ബലത്തിൽ വിവിധ തൊഴിൽമേഖലകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള വൈദഗ്ധ്യം നേടിയ സമൂഹമാണ് പ്രവാസികൾ. തിരിച്ചുവന്ന പ്രവാസികൾക്ക് മാത്രമായി നോർക്കക്ക് കീഴിൽ എംപ്ലോയ്മെൻറ് ബ്യൂറോ തുടങ്ങേണ്ടതുണ്ട്. ബിസിനസ് സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവർക്ക് വായ്പയും ആവശ്യമായ മാർഗനിർദേശവും നൽകാൻ ഈ ബ്യൂറോയിൽ സംവിധാനം ഒരുക്കണം. ബിസിനസും മറ്റും തുടങ്ങുന്നതിനുള്ള സർക്കാർ ചുവപ്പുനാടകൾ ഒഴിവാക്കണം.

# 4

## മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കണം




വിവിധ ഗൾഫ് രാജ്യങ്ങളിലായി നൂറുകണക്കിന് മലയാളികളാണ് എല്ലാ വർഷവും മരിക്കുന്നത്. എന്നാൽ, മൃതദേഹം നാട്ടിലെത്തിക്കാനുള്ള പ്രയാസത്തെക്കുറിച്ചുള്ള പ്രവാസി സംഘടനകളുടെ മുറവിളിക്കു ഇതുവരെ പരിഹാരമുണ്ടായിട്ടില്ല. വിദേശത്ത് മരിക്കുന്ന പ്രവാസികളോട് നമ്മുടെ അധികാരികളും വിമാനക്കമ്പനികളും അൽപംകൂടി കരുണ കാണിക്കണമെന്നാണ് പ്രവാസികൾ ഒന്നടങ്കം പറയുന്നത്.

പാകിസ്താൻ പൗരന്മാർ പ്രവാസലോകത്ത് മരിച്ചാൽ മൃതദേഹം സൗജന്യമായാണ് അവരുടെ വിമാനക്കമ്പനികൾ നാട്ടിലെത്തിക്കുക-അതിൽ സർക്കാർ, സ്വകാര്യ വിമാനക്കമ്പനി എന്നൊരു ഭേദമില്ല. എന്നാൽ, ഇന്ത്യക്കാരൻെറ മൃതദേഹം കൊണ്ടുപോകാൻ പണം നൽകണമെന്ന് മാത്രമല്ല, തിരക്കേറിയ സമയത്താണെങ്കിൽ കഴുത്തറപ്പൻ നിരക്കും നൽകണം. മറ്റു ചരക്കുകൾ കൊണ്ടുപോകുംപോലെ തൂക്കംനോക്കിയാണ് നിരക്ക്. അതിൽതന്നെ പല വിവേചനങ്ങളുമുണ്ട്. ദുബൈയിൽനിന്ന് കൊച്ചിയിലേക്കും തിരുവനന്തപുരത്തേക്കും നൽകുന്നതിനേക്കാൾ വലിയ തുക കോഴിക്കോട്ടേക്ക് നൽകണം. ഷാർജയിൽനിന്ന് നൽകുന്നതിനേക്കാൾ ഇരട്ടിയോളം തുക ദുബൈയിൽനിന്നാണെങ്കിൽ ഈടാക്കും. എയർ ഇന്ത്യയേക്കാൾ കുറഞ്ഞ നിരക്കിൽ വിദേശ കമ്പനികൾ വരെ മൃതദേഹം ഇന്ത്യയിലെത്തിക്കുന്നുണ്ട്.

ഇനി മൃതദേഹം കൊണ്ടുപോകാൻ അനുമതി ലഭിച്ചാലും തിരക്കേറിയ സീസണാണെങ്കിൽ കൂടെ പോകുന്നവർക്ക് ടിക്കറ്റ് ലഭിക്കാൻ എയർ ഇന്ത്യയിൽ പ്രത്യേക പരിഗണന ലഭിക്കില്ല. വലിയ നിരക്ക് നൽകുകയും വേണം. ഇക്കാര്യത്തിൽ ഷാർജ വിമാനക്കമ്പനിയായ എയർ അറേബ്യ കാണിക്കുന്ന സന്മനസ്സുപോലും എയർ ഇന്ത്യക്കില്ല. മൃതദേഹങ്ങൾക്ക് കുറഞ്ഞ നിരക്ക് ഈടാക്കുന്ന എയർ അറേബ്യ കൂടെപോകുന്നവർക്ക് ടിക്കറ്റ് ഉറപ്പാക്കാനും താൽപര്യമെടുക്കും.

എയർ ഇന്ത്യയിൽ ഒരു വിമാനത്തിൽ ഒന്നിലധികം മൃതദേഹം

കയറ്റാനും നിയമക്കുരുക്കുകളുണ്ട്. ഇതുമൂലം അപകടങ്ങളിലും മറ്റും ഒന്നിലധികം പേർ മരിക്കുമ്പോൾ മറ്റു വിമാനക്കമ്പനികളെ ആശ്രയിക്കേണ്ടി വരുന്നു.

നാട്ടിൽ ഏറ്റുവാങ്ങാൻ ആളും സംവിധാനവുമുണ്ടെങ്കിൽ മൃതദേഹം മാത്രം അയക്കാൻ മറ്റു കമ്പനികൾ അനുവദിക്കും. എന്നാൽ, എയർ ഇന്ത്യയിൽ കൂടെ ആൾ നിർബന്ധമാണ്. അവിടെയും ടിക്കറ്റ് വിൽപനയിലാണ് അവരുടെ കണ്ണ്. അല്ലെങ്കിൽ നാട്ടിൽനിന്ന് പ്രത്യേകം അനുവാദം വാങ്ങണം. ഇന്ത്യക്കാർ മരിച്ചാൽ മൃതദേഹത്തിനും കൂടെപ്പോകുന്ന ആൾക്കും സൗജന്യ ടിക്കറ്റ് അനുവദിക്കണമെന്ന നീണ്ടകാലത്തെ ആവശ്യം ആരും ഇതുവരെ പരിഗണിച്ചിട്ടില്ല. രോഗികളെ കൊണ്ടുപോകുന്ന കാര്യത്തിലും എയർ ഇന്ത്യ സൗമനസ്യം കാണിക്കാറില്ല. അസുഖബാധിതരായി വീൽചെയറിലോ സ്ട്രെച്ചറിലോ തുടർചികിത്സക്കായി നാട്ടിലേക്ക് പോകുന്ന പ്രവാസികൾക്ക് എയർ ഇന്ത്യയിൽ നേരിടുന്ന കാലതാമസംമൂലം നിരവധി പേർക്ക് ജീവൻ അപകടത്തിലായ അവസ്ഥവരെ ഉണ്ടായിട്ടുണ്ട്.

തികച്ചും ന്യായമായ ഈ വിഷയത്തിൽ കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും സർക്കാറും ഇനിയെങ്കിലും ഫലപ്രദമായ ഇടപെടൽ നടത്തണം. പ്രവാസികൾ വിദേശത്ത് മരിച്ചാൽ സൗജന്യമായി മൃതദേഹം നാട്ടിലെത്തിക്കാൻ ഇന്ത്യയുടെ ദേശീയ വിമാനക്കമ്പനികളായ എയർ ഇന്ത്യയെയും എയർ ഇന്ത്യ എക്സ്പ്രസിനെയും കൊണ്ട് തീരുമാനമെടുപ്പിക്കുകയാണ് വേണ്ടത്. അതിന് സാധിക്കുന്നില്ലെങ്കിൽ മൃതദേഹം കൊണ്ടുവരുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിക്കാൻ തയാറാകണം. അടിയന്തര ചികിത്സക്ക് നാട്ടിൽ എത്രയും പെട്ടെന്ന് എത്തിക്കേണ്ടവർക്ക് പ്രത്യേക പരിഗണന നൽകാനും ദേശീയ വിമാനക്കമ്പനികളിൽനിന്ന് അനുകൂല തീരുമാനമെടുപ്പിക്കേണ്ടതുണ്ട്.

പ്രവാസികൾ മരിച്ചാൽ നാട്ടിൽകൊണ്ടുപോകുന്നതിന് രേഖകൾ ശരിയാക്കാൻ ഏകജാലക സംവിധാനം ഏർപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. സാമൂഹിക പ്രവർത്തകരുടെ നിസ്വാർഥ പ്രവർത്തനംകൊണ്ടാണ് നിലവിൽ ഈ നിയമനടപടിക്രമങ്ങൾ പൂർത്തിയാക്കി മൃതദേഹം നാട്ടിലെത്തിക്കുന്നത്.

# 5

## ഗൾഫ് രാജ്യങ്ങളിൽ നോർക ഓഫിസ് തുറക്കണം


നോർക്ക റൂട്ട്സ് കാര്യക്ഷമമാക്കണം

പ്രവാസികൾ

1996ൽ കേരള സർക്കാർ രൂപവത്കരിച്ച പ്രവാസികാര്യ വകുപ്പും (നോർക) അതിൻെറ ഫീൽഡ് ഏജൻസിയായി 2002ൽ രൂപവത്കരിച്ച നോർക റൂട്ട്സും പ്രവാസികൾക്ക് എല്ലാ വിധത്തിലും തുണയാകുക എന്ന ഉദ്ദേശ്യലക്ഷ്യം നേടുന്നതിൽ വിജയിച്ചിട്ടില്ലെന്നാണ് പ്രവാസികൾ ഒരുപോലെ അഭിപ്രായപ്പെടുന്നത്. പ്രവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തിരിച്ചുവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും പ്രവാസികൾക്കു മുന്നിൽ പുതിയ നിക്ഷേപ അവസരങ്ങൾ തുറന്നുകൊടുക്കുന്നതിലുമെല്ലാം നോർകക്കും നോർക റൂട്ട്സിനും ഒരുപാട് കാതം പോകാനുണ്ടെന്നത് വസ്തുതയാണ്.

ഇതിലേക്കുള്ള ആദ്യ പടിയായി സാധാരണക്കാരായ പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ ഗൾഫ് രാജ്യങ്ങളിൽ നോർക ഓഫിസുകൾ ആരംഭിക്കാൻ പുതിയ സർക്കാർ തയാറാവണം. ഇവിടേക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും വേണം. എംബസി, കോൺസുലേറ്റ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽനിന്ന് വിരമിക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി നോർകയുടെ ഓഫിസ് കാര്യക്ഷമമാക്കാനാകും.

നോർക നടപ്പാക്കുന്ന പല പദ്ധതികളും സാധാരണക്കാരായ പ്രവാസികൾക്ക് അറിയില്ല. അതിനായി പ്രവാസി സംഘടനകളുമായി സഹകരിച്ച് പാവപ്പെട്ടവരും സാധാരണക്കാരുമായ പ്രവാസികൾ താമസിക്കുന്ന ലേബർ ക്യാമ്പുകൾ പോലുള്ള സ്ഥലങ്ങളിൽ ബോധവത്കരണം നടത്തണം.

പ്രവാസി മരണപ്പെട്ടാൽ മൃതദേഹം നാട്ടിൽ കൊണ്ടുപോകുന്നതിന് ആവശ്യമായ രേഖകൾ ശരിയാക്കുന്നതിനു നോർക ഓഫിസുകളിൽ ഏകജാലക സംവിധാനം ഒരുക്കണം. നാട്ടിലെ വിമാനത്താവളങ്ങളിൽനിന്ന് മൃതദേഹം സൗജന്യമായി വീട്ടിലെത്തിക്കുന്നതിന് നോർകയുടെ കീഴിൽ ആംബുലൻസ് ഏർപ്പെടുത്തണം. പ്രവാസികളുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനു സംസ്ഥാന പ്രവാസികാര്യ മന്ത്രി ഗൾഫിലെങ്ങും ജനസമ്പർക്ക പരിപാടി നടത്തു

കയും അതിൽ തുടർ നടപടിയെടുക്കുന്നതും നന്നാകും.

വിദേശത്ത് അപകടത്തിൽപ്പെടുന്ന പ്രവാസിയുടെ അവകാശ ആനുകൂല്യങ്ങൾ അവകാശികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനു നോർകയുടെ മേൽനോട്ടത്തിൽ സംവിധാനം വേണം. നോർകയുടെയും പ്രവാസികാര്യ വകുപ്പിൻെറയും സേവനങ്ങളെക്കുറിച്ച ബോധവത്കരണത്തിന് സ്മാർട്ട്ഫോൺ ആപ്ലിക്കേഷൻ തയാറാക്കണം.

കേന്ദ്ര സർക്കാർ പ്രവാസികാര്യ വകുപ്പ് നിർത്തലാക്കിയ സാഹചര്യത്തിൽ  കേരള സർക്കാർ പ്രവാസി കാര്യ വകുപ്പിനെ കുറേ കൂടി കാര്യക്ഷമമാക്കണം. സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് പ്രവാസികൾക്ക് കാലതാമസം ഒഴിവാക്കുന്നതിന് നോർകയുടെ പ്രത്യേക തിരിച്ചറിയൽ കാർഡ് അനുവദിക്കണമെന്ന ആവശ്യവും പ്രവാസലോകത്തുനിന്ന് ഉയരുന്നു.



# 6
## പ്രവാസി പെൻഷൻ

ജോലിയിൽനിന്ന് വിരമിച്ചോ പുറത്തായോ പ്രവാസം മതിയാക്കിയോ നാട്ടിൽ തിരിച്ചെത്തുന്നവർക്ക് വാർധക്യ കാലത്ത് വരുമാനമായി പെൻഷൻ നൽകണമെന്ന ആവശ്യത്തിന് ഏറെ പഴക്കമുണ്ട്. ഇതേത്തുടർന്ന് 2009ൽ നിലവിൽവന്ന കേരള പ്രവാസി ക്ഷേമ ബോർഡ് പ്രവാസി പെൻഷൻ പദ്ധതി തുടങ്ങിയെങ്കിലും വേണ്ടത്ര വിജയമായില്ല. പെൻഷൻ തുക 1,000 രൂപയയാണെന്നതാണ് ഒരു കാരണം. വേണ്ടത്ര പ്രചാരം ഈ പദ്ധതിക്ക് ലഭിച്ചിട്ടുമില്ല. മാസം 300 രൂപ തോതിൽ ചുരുങ്ങിയത് അഞ്ചു വർഷമെങ്കിലും അംശാദായം അടച്ചാൽ 60 വയസ്സ് പൂർത്തിയായാൽ പ്രതിമാസ പെൻഷൻ ലഭിക്കും. എന്നാൽ, പെൻഷൻ തുക കൂട്ടി പദ്ധതി കൂടുതൽ ആകർഷകമാക്കുകയും വേണ്ടത്ര പ്രചാരം നൽകുകയും ചെയ്യേണ്ടതുണ്ട്.

സർക്കാറിലേക്ക്  അടക്കുന്ന അംശാദായം പല സ്ലാബുകളായി നിശ്ചയിച്ച് അതിനനുസരിച്ച് പെൻഷൻ തുക കൂട്ടണമെന്ന നിർദേശവും ഉയരുന്നുണ്ട്. അതായത്, അടവ് തുക കൂടുന്നതിനനുസരിച്ച്

പെൻഷൻ തുക കൂടുന്ന സമ്പ്രദായം. പെൻഷൻ പദ്ധതി നിർബന്ധ മാക്കിയാൽ പ്രവാസികളുടെ ധൂർത്തും അനാവശ്യ ചെലവുകളും ഒരു പരിധിവരെ ഒഴിവാക്കാനും നാളേക്കായി ഉപയോഗിക്കാനും സാധിക്കും.

പെൻഷൻ പദ്ധതിയിൽ ചേർന്നവർ തന്റേതല്ലാത്ത കാര ണത്താൽ ജോലി നഷ്ടപ്പെട്ടു തിരിച്ചുവന്നാൽ അംശാദായം തുടർ ന്ന് അടക്കാതെ തന്നെ പെൻഷൻ നൽകണം.






## 7 നിക്ഷേപ അവസരം തുറക്കണം

പ്രവാസികളുടെ വരുമാനവും സമ്പാദ്യവും ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതിൽ കുറ്റകരമായ അനാസ്ഥ യാണ് മാറി മാറിവരുന്ന സർക്കാറുകൾ നടത്തിപ്പോരുന്നത്. പ്രവാ സം തുടരുന്നവർക്കും തിരിച്ചെത്തിയവർക്കുംവേണ്ടി സർക്കാറിന് കീഴിൽ ആകർഷകവും സുരക്ഷിതവുമായ നിക്ഷേപ പദ്ധതികൾ ആരംഭിക്കേണ്ടതുണ്ട്. സർക്കാറിനും നാടിനും പ്രവാസിക്കും ഒരുപോലെ ഗുണകരമാവുന്ന നിക്ഷേപ മാർഗങ്ങൾക്കുവേണ്ടി അക്ഷരാർഥത്തിൽ പ്രവാസികൾ ദാഹിക്കുകയാണ്. ഒരു ലക്ഷത്തി ലേറെ കോടി രൂപയാണ് വിദേശത്തുനിന്ന് വർഷത്തിൽ കേരളത്തി ലെ വിവിധ എൻ.ആർ.ഐ അക്കൗണ്ടുകളിലേക്ക് എത്തുന്നതെ ന്നാണ് റിസർവ് ബാങ്കിന്റെ കണക്ക്. ഇത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിലേതുൾപ്പെടെയുള്ള വികസ നത്തിന് ഉപയോഗിക്കേണ്ട കാലം എന്നോ അതിക്രമിച്ചിരിക്കുന്നു. വിമാനത്താവളവും തുറമുഖവും മോണോ റെയിലും സ്മാർട്ട് സി റ്റിയുമെല്ലാം യാഥാർഥ്യമാക്കാൻ വിദേശ രാജ്യങ്ങളിൽനിന്നും ബാ ങ്കുകളിൽനിന്നും മറ്റും വായ്പയെടുത്തും സ്വകാര്യമേഖലക്ക് വിട്ടു കൊടുത്തും സർക്കാർ പ്രയാസപ്പെടുമ്പോൾ എന്തുകൊണ്ട് ഈ മേഖലയിൽ പ്രവാസികളുടെ പണം സ്വീകരിച്ചുകൂടാ എന്നാണ് അവർ ചോദിക്കുന്നത്. ഇത്തരം പദ്ധതികളിൽ ഓഹരി നൽകാൻ തയാറായാൽ നിക്ഷേപിക്കാൻ സാധാരണ പ്രവാസികൾ വരെ തയാറാണെന്നതാണ് വസ്തുത. പ്രവാസികൾക്ക് നാടിന്റെ വി

കസനത്തിൽ പങ്കാളിയാകാനും സാധിക്കും, കടക്കെണിയിൽ പെട്ടുഴലുന്ന സർക്കാറിന് എളുപ്പം വായ്പ ലഭിക്കുകയും ചെയ്യും. ശരിയായ നിക്ഷേപവഴികൾ കാണാതെ ഇരുട്ടിൽത്തപ്പുന്ന പ്രവാസിയുടെ പണം തട്ടിയെടുത്ത് മുങ്ങുന്ന നിരവധി വ്യാജ കമ്പനികളുടെ വിളനിലം കൂടിയാണ് കേരളമെന്നോർക്കണം.




# 8

## വേണം പ്രവാസി സഹകരണ സംഘങ്ങൾ

ആവശ്യത്തിന് പണവും സമ്പാദ്യവുമായി നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾ അനുഭവിക്കുന്ന പ്രശ്നം തങ്ങളുടെ പണം പ്രത്യുൽപന്നപരമായ രീതിയിൽ ഭാവി ഉപജീവനമാർഗത്തിനായി എങ്ങനെ നിക്ഷേപിക്കാമെന്ന കാര്യത്തിലെ അവ്യക്തതയാണ്. ഒറ്റക്ക് നിക്ഷേപങ്ങളിറക്കിയും ബിസിനസ് തുടങ്ങിയും കൈപൊള്ളിയ അനുഭവങ്ങളുള്ള പ്രവാസികളേറെയാണ്. അതുകൊണ്ടുതന്നെ പലരും സ്വന്തം ബിസിനസെന്ന സാഹസത്തിന് മുതിരാതെ പണം ബാങ്കിലും ഭൂമിയിലും നിക്ഷേപിച്ച് വെറുതെയിരിക്കുന്നു.

ഇതിന് പരിഹാരമായി പ്രവാസി കൂട്ടായ്മകൾ ചേർന്ന് രൂപവത്കരിക്കുന്ന സഹകരണസംഘങ്ങൾക്ക് സർക്കാർ പ്രോത്സാഹനം നൽകണം. ഈ സംഘങ്ങൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ മിനി വ്യവസായ സോണുകൾ തുടങ്ങണം. ഇവിടെ തിരിച്ചെത്തിയ പ്രവാസികൾക്ക് തൊഴിലിന് മുൻഗണന നൽകണം.

സർക്കാറിന്റെ കൈവശമുള്ള തരിശുഭൂമികൾ കൃഷിചെയ്യാൻ ഇത്തരം സംഘങ്ങൾക്ക് പാട്ടത്തിനു നൽകാവുന്നതാണ്. സർക്കാറിനുവേണ്ടി റോഡ്- പാലം- കെട്ടിടം നിർമാണവും ഇത്തരം മേഖലയിൽ പ്രവർത്തിക്കുന്ന പ്രവാസി സഹകരണ സംഘങ്ങളെ ഏൽപിക്കണം. സ്കൂളുകളും കോളജുകളും ആശുപത്രികളും ബസ്സ്റ്റാൻഡുകളുമെല്ലാം പണിയാനും നടത്താനും പ്രവാസി സഹകരണ സംഘങ്ങളെ ഏൽപിക്കാവുന്നതാണ്. കോർപറേറ്റുകൾ കുത്തകയാക്കിവെച്ച വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ പ്രവാസി നിക്ഷേപം സ്വീകരിച്ച് കോളജുകളും ആശുപത്രികളും തുട

ങ്ങാം. ഒരേസമയം സാധാരണക്കാരായ പ്രവാസികൾക്ക് വരുമാന മാർഗവും തൊഴിലും നിക്ഷേപവും നാടിൻെറ വികസനവും ഇതുവഴി നടക്കും.


പ്രവാസികൾക്കും കുടുംബങ്ങ
ആരോഗ്യ ഇൻഷുറൻസ് പദ്ധ
പ്രവാസി വോട്ട് യാഥാർത്ഥ

# 9

## ആരോഗ്യ ഇൻഷുറൻസ്

25-30 വർഷം പ്രവാസത്തിൻെറ തീച്ചൂളയിൽ കഠിനാധ്വാനം ചെയ്ത് പ്രവാസി മടങ്ങിയെത്തുന്നത് നിത്യരോഗിയായിട്ടാണ്. ജീവിതശൈലീ രോഗങ്ങളും മാറാ-മാരകരോഗങ്ങളും അപ്പോഴേക്കും മിക്കവരുടെയും ശരീരത്തെ കീഴ്പ്പെടുത്തിയിട്ടുണ്ടാകും. അതോടെ, അതുവരെയുള്ള സമ്പാദ്യം ആശുപത്രികൾക്ക് നൽകാനേ ഉണ്ടാകൂ. രോഗംമൂലം നാട്ടിലേക്ക് തിരിച്ചുപോകുന്ന പ്രവാസികളുടെ എണ്ണവും കുറവല്ല. ഭീമമായ ചികിത്സാ ചെലവുമൂലം കടക്കെണിയിൽപ്പെട്ട നിരവധി പ്രവാസി കുടുംബങ്ങളെ കേരളത്തിൽ കാണാനാകും. ഇതിനൊരു ശാശ്വത പരിഹാരം ഉണ്ടാവണം.

പ്രവാസികൾക്കുവേണ്ടി സമഗ്രമായ ഒരു ആരോഗ്യ, ചികിത്സാ പദ്ധതി നടപ്പാക്കാൻ സർക്കാറിന് സാധിക്കണം. പ്രവാസികളായിരിക്കുമ്പോൾ പ്രീമിയം അടക്കുകയും തിരിച്ചുപോകുമ്പോൾ നാട്ടിൽ കവറേജ് ലഭിക്കുകയും ചെയ്യുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതി സർക്കാർ നിയന്ത്രണത്തിൽ, പ്രവാസികൾക്കും കുടുംബങ്ങൾക്കും വേണ്ടി ആരംഭിക്കണം. സർക്കാറിൻെറ ഭാഗത്തുനിന്നുള്ള ഒരു വിഹിതം കൂടി ഉൾപ്പെടുത്തിയായിരിക്കണം ഈ പദ്ധതികൾ നടപ്പിലാക്കേണ്ടത്. തിരിച്ചുചെല്ലുമ്പോൾ വലിയ ചെലവ് വരുന്ന മാരക രോഗങ്ങളുടെ ചികിത്സക്ക് സഹായമാകുന്ന സംരക്ഷണ പദ്ധതിയായിരിക്കണമിത്. നിലവിൽ സർക്കാറിന് ചില സൗജന്യ ചികിത്സാ പദ്ധതികളുണ്ടെങ്കിലും ബി.പി.എൽ പട്ടികയിലുള്ളവർക്കാണ് ആ ആനുകൂല്യം ലഭിക്കുക. അതോടെ പ്രവാസി പുറത്താകും.

പ്രവാസികളുടെ നാട്ടിലുള്ള കുടുംബാംഗങ്ങൾക്കും ആരോഗ്യ സംരക്ഷണ പദ്ധതി ആവശ്യമുണ്ട്. നാട്ടിലേക്ക് രോഗികളായി മടങ്ങിപ്പോകേണ്ടി വരുന്ന പ്രവാസികളെ സംരക്ഷിക്കാനും ചികിത്സ ഉറപ്പുവരുത്താനും പ്രത്യേക പദ്ധതി വേണ്ടതുണ്ട്.



# 10

## ഉപരിപഠന പ്രതിസന്ധി

ഏറ്റവും കൂടുതൽ മലയാളി പ്രവാസികളുള്ള ഗൾഫിൽ 12ാം തരത്തിന് ശേഷം ഉന്നത വിദ്യാഭ്യാസത്തിന് അധിക വിദ്യാർഥികളും നാട്ടിലേക്ക് തിരിച്ചുപോകേണ്ട അവസ്ഥയാണ് ഇന്നുള്ളത്. ഏകദേശം രണ്ടു ലക്ഷത്തിൽപരം വിദ്യാർഥികൾ വർഷാ വർഷം ഉന്നത വിദ്യാഭ്യാസത്തിനായി ഗൾഫ് രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലേക്ക് മടങ്ങുന്നു എന്നാണ് അറിയുന്നത്. കാലിക്കറ്റ്, എം.ജി സർവകലാശാലകളുടെ ഓഫ് കാമ്പസ് സെൻററുകൾ പ്രവാസി വിദ്യാർഥികൾക്ക് ഉപകാരമായിരുന്നു. എന്നാൽ, അഴിമതിയും സിൻഡിക്കേറ്റുകളിലെ രാഷ്ട്രീയ കളികളുംമൂലം കോടതി ഇടപെട്ട് ഇവ അടച്ചുപൂട്ടിയപ്പോൾ മുടങ്ങിപ്പോയത് നൂറുകണക്കിന് കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ സാധ്യതകളാണ്. ഈ പ്രശ്നത്തിൽ ഉടൻ പരിഹാരമുണ്ടാകേണ്ടതുണ്ട്.

അത്ര നിലവാരമില്ലാത്ത വിദേശ സർവകലാശാലകൾപോലും ഇന്ത്യക്കാരടക്കമുള്ള വിദ്യാർഥികളെ കൊള്ളയടിക്കുമ്പോൾ അക്കാദമിക് തലത്തിൽ എത്രയോ ഉന്നതിയിൽ നിൽക്കുന്ന ഇന്ത്യൻ സർവകലാശാലകളും ഐ.ഐ.ടികളും പ്രവാസികളായ ഇന്ത്യക്കാരുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ കാണുകയോ സാധ്യത ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നില്ല.

സർവകലാശാലകളുടെ കീഴിൽ വ്യത്യസ്ത സ്ഥലങ്ങളിൽ കാമ്പസ് അനുവദിക്കുന്നതുപോലെ വിദേശ രാജ്യങ്ങളിൽ ഇന്ത്യൻ വിദ്യാർഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ആവശ്യമായ കോളജുകളോ പഠന കേന്ദ്രങ്ങളോ തുടങ്ങാൻ ആവശ്യമായ നടപടികൾ കേരള സർക്കാർ സ്വീകരിക്കണം. ദേശീയ നിയമനിർമാണമോ നിയമ ഭേദഗതിയോ ഇതിനാവശ്യമാണെങ്കിൽ കേന്ദ്ര സർക്കാറിൽ സമ്മർദം ചെലുത്തണം.

ഗുണനിലവാരത്തിൽ പാശ്ചാത്യ സർവകലാശാലകളേക്കാൾ മുന്നിൽനിൽക്കുന്ന ഇന്ത്യൻ സർവകലാശാലകളും ഐ.ഐ.എം, ഐ.ഐ.ടി പോലുള്ള സ്ഥാപനങ്ങളും വിദേശ ഇന്ത്യക്കാർക്ക് മാത്രമല്ല ഗൾഫ്, ആഫ്രിക്കൻ മേഖലകളിലുള്ളവർക്കും ഗുണം ചെയ്യും.

പ്രവാസികൾ നേരിടുന്ന മറ്റൊരു വിദ്യാഭ്യാസ പ്രശ്നം കേരളത്തിലെ നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശം ലഭിക്കുന്നതിനുള്ള പ്രയാസമാണ്. ഇന്ത്യയിലെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവാസികളെ കറവപ്പശുവായാണ് കാണുന്നത്. സർക്കാർ തന്നെ എൻ.ആർ.ഐ ക്വോട്ടയുണ്ടാക്കി കുറച്ച് സീറ്റ് പ്രവാസികൾക്കായി നീക്കിവെച്ചിട്ടുണ്ടെങ്കിലും വൻ ഫീസാണ് നിശ്ചയിച്ചിരിക്കുന്നത്. സാധാരണ പ്രവാസികൾക്ക് ഒരിക്കലും ഈ ക്വോട്ടയിൽ മക്കളെ ചേർക്കാനാവില്ല. സ്വാശ്രയ കോളജുകൾ പല പേരിൽ പ്രവാസികളിൽനിന്ന് അധിക ഫീസ് ഈടാക്കുന്നുവെന്ന പരാതിയും വ്യാപകമാണ്. പ്രവാസി കുട്ടികൾക്ക് ഉപരിപഠനത്തിനു സീറ്റ് സംവരണത്തോടൊപ്പം സാധാരണ ഫീസ് നിരക്കിൽ പഠിക്കാൻ സൗകര്യം വേണമെന്നുമാണ് ആവശ്യമുയരുന്നത്.

കുടുംബത്തോടൊപ്പം ഗൾഫിൽ കഴിയുന്ന പ്രവാസികൾ അനുഭവിക്കുന്ന പ്രശ്നമാണ് അവിടത്തെ സ്കൂളുകളിലെ അമിതമായ ഫീസ്. കുടുംബവരുമാനത്തിൻെറ വലിയൊരു പങ്കും മക്കളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് നീക്കിവെക്കേണ്ടിവരുന്നു. ഫീസ് കൊടുക്കാൻ തയാറായാലും സീറ്റ് ലഭിക്കാത്ത അവസ്ഥയുമുണ്ട്. മക്കൾക്ക് സീറ്റ് കിട്ടാത്തതുകൊണ്ടുമാത്രം പ്രവാസം മതിയാക്കുന്നവരും കുടുംബത്തെ നാട്ടിലയക്കുന്നവരുമുണ്ട്. ഇതിന് പരിഹാരമായി പ്രവാസികൾ ഉന്നയിക്കുന്ന ആവശ്യം സർക്കാർ നിയന്ത്രണത്തിൽ എല്ലാ ഗൾഫ് രാജ്യങ്ങളിലും മിതമായ ഫീസിൽ കുട്ടികളെ പഠിപ്പിക്കാനുള്ള സ്കൂളുകൾ തുറക്കണമെന്നാണ്. നാട്ടിലെ സർക്കാർ അധ്യാപകർക്ക് നിശ്ചിത കാലത്തേക്ക് വിദേശത്ത് ഡെപ്യൂട്ടേഷൻ അനുവദിക്കാൻ തയാറായാൽ മികച്ച അധ്യാപകരുടെ സേവനം ഗൾഫിലെ വിദ്യാർഥികൾക്കും ലഭിക്കും. രാജ്യത്തെ പ്രമുഖ കോഴ്സുകളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുമുള്ള പ്രവേശ, മത്സര പരീക്ഷകൾക്ക് ഗൾഫ് രാജ്യങ്ങളിൽ കേന്ദ്രം വേണമെന്ന ആവശ്യവും പരിഗണിക്കപ്പെടണം.



സർക്കാർ ഓഫീസുകളിൽ
പ്രവാസികൾക്ക് മുൻഗണന

പ്രതിഷേധ
ശക്തിയേറിയ

# 11

## ഏകജാലക സംവിധാനം

കുറഞ്ഞ ദിവസങ്ങളുടെ അവധിക്ക് നാട്ടിലെത്തുന്ന പ്രവാസികൾ വിവിധ ആവശ്യങ്ങൾക്കായി ഓഫിസുകൾ കയറിയിറങ്ങേണ്ട അവസ്ഥയാണ്. ഇത് പരിഹരിക്കാൻ കേരളത്തിലെ മുഴുവൻ സർക്കാർ തല സംവിധാനങ്ങളെയും ഉൾപ്പെടുത്തി ഏകജാലക സംവിധാനമോ പ്രവാസി ഹെൽപ് ഡെസ്കോ എല്ലാ ജില്ലകളിലും ഏർപ്പെടുത്തണമെന്ന ആവശ്യം എല്ലാ ഗൾഫ് രാജ്യങ്ങളിൽനിന്നും ഉയർന്നു. പലർക്കും നാട്ടിലെ തിരിച്ചറിയൽ കാർഡുകൾ ഇല്ലെന്ന കാരണം പറഞ്ഞ് സർക്കാർ ഓഫിസുകളിൽ സേവനങ്ങൾ നിഷേധിക്കുന്ന അവസ്ഥയുണ്ട്. ഇത് പരിഹരിക്കാൻ പാസ്പോർട്ട് തിരിച്ചറിയൽ രേഖയായി സ്വീകരിക്കണം. അല്ലാത്തപക്ഷം തിരിച്ചറിയൽ രേഖകൾ ലഭ്യമാക്കാൻ എംബസികളിൽ സൗകര്യമൊരുക്കണം.

സർക്കാർ, തദ്ദേശ സ്വയംഭരണ-സ്ഥാപന ഓഫിസുകൾ, വില്ലേജ് ഓഫിസുകൾ എന്നിവയിലാണ് കൂടുതൽ കാലതാമസം വരുന്നത്. ഓരോ രേഖകൾ ശരിയാക്കാനും പലതവണ കയറിയിറങ്ങേണ്ടിവരുന്നു. ഭൂമിയിടപാടുകൾ, വീട് നിർമാണത്തിനാവശ്യമായ അനുമതിപത്രങ്ങൾ എന്നിവ ലഭിക്കാൻ കാലതാമസമുണ്ടാകുന്നു. പലയിടത്തും കോഴയാണ് വേഗതയുടെ മാനദണ്ഡം. പലപ്പോഴും വാർഡ് മെംബർ, പ്രസിഡൻറ്, എം.എൽ.എ എന്നിവരുടെ ഒപ്പുകൾ ഉണ്ടായാലേ വേഗത കിട്ടാറുള്ളൂ. അക്ഷയ സെൻററുകളിലും വിവിധ ആവശ്യങ്ങൾക്ക് പലതവണ കയറിയിറങ്ങേണ്ടിവരുന്നതായി പ്രവാസികൾ പരാതിപ്പെടുന്നു. ആധാർ, പാൻ കാർഡ് തുടങ്ങിയവ ലഭിക്കാനും ഇതുമൂലം കാലതാമസം വരുന്നു. ഇതിനെല്ലാം പരിഹാരമായാണ് ഏകജാലക സംവിധാനമോ പ്രവാസി ഹെൽപ് ഡെസ്കോ എല്ലാ ജില്ലകളിലും വേണമെന്ന നിർദേശം മുന്നോട്ടുവെക്കുന്നത്.

# 12
## ചിറക് തളരുന്ന കരിപ്പൂർ



കേരളത്തിലെ ഏറ്റവും കൂടുതൽ ഗൾഫ് പ്രവാസികൾ മലബാർ മേഖലയിൽനിന്നുള്ളവരാണ്. പതിറ്റാണ്ടുകൾ നീണ്ട മുറവിളിക്കൊടുവിലാണ് അവരുടെ ഗൾഫ് യാത്ര സുഗമമാക്കി കരിപ്പൂർ വിമാനത്താവളത്തിന് ചിറകുവെച്ചത്. വളരെ പെട്ടെന്നുതന്നെ അന്താരാഷ്ട്ര സർവിസുകൾ ആരംഭിക്കുകയും രാജ്യത്ത് ലാഭകരമായി പ്രവർത്തിക്കുന്ന അപൂർവം വിമാനത്താവളമായി മാറുകയും ചെയ്തു. 1988ൽ ആഭ്യന്തര സർവിസോടെ സ്ഥാപിതമായ കോഴിക്കോട് വിമാനത്താവളത്തിന് 2006ലാണ് അന്താരാഷ്ട്ര പദവി ലഭ്യമാകുന്നത്. എന്നാൽ, കഴിഞ്ഞ രണ്ടു വർഷത്തെ സംഭവവികാസങ്ങൾ കരിപ്പൂർ വിമാനത്താവളത്തെക്കുറിച്ച് പ്രവാസികളിലും മറ്റും ആശങ്കയുണ്ടാക്കുന്നു.

റൺവെ ബലപ്പെടുത്തലിനായി 2015 മേയ് ഒന്നിന് ഭാഗികമായി അടച്ചിട്ടതോടെയാണ് അത് തുടങ്ങുന്നത്. ഇതോടെ എമിറേറ്റ്സ്, സൗദിയ, ഇത്തിഹാദ്, എയർ ഇന്ത്യ തുടങ്ങിയ കമ്പനികളുടെ വലിയ വിമാനങ്ങൾക്ക് സർവിസ് നിർത്തേണ്ടിവന്നു. ആറു മാസത്തേക്കെന്ന് പറഞ്ഞാണ് ഈ നിയന്ത്രണങ്ങൾ കൊണ്ടുവന്നതെങ്കിലും ഒരു വർഷം തികഞ്ഞിട്ടും നവീകരണ ജോലികൾ ഏറക്കുറെ പൂർത്തിയായിട്ടും കരിപ്പൂർ വിമാനത്താവളം പൂർണമായി പ്രവർത്തിപ്പിക്കാനോ വലിയ വിമാനങ്ങളുടെ സർവിസ് പുനരാരംഭിക്കാനോ അധികൃതർ തയാറായിട്ടില്ല. കരിപ്പൂരിനെ ഇല്ലാതാക്കാനുള്ള ശ്രമങ്ങളാണ് ഇതിനെല്ലാം പിന്നിലെന്ന ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന രീതിയിലാണ് കാര്യങ്ങൾ നീങ്ങുന്നത്. കരിപ്പൂർ റൺവേ 13,000 അടിയായി ദീർഘിപ്പിക്കാതെ വലിയ വിമാനങ്ങൾക്ക് അനുമതി നൽകാനാവില്ലെന്നാണ് കേന്ദ്ര സർക്കാർ ഇപ്പോൾ പറയുന്നത്. ഈ തീരുമാനം മാറ്റിക്കാൻ സംസ്ഥാന സർക്കാറും പാർലമെൻറംഗങ്ങളും ശക്തമായ സമ്മർദം ചെലുത്തേണ്ട സമയമാണിതെങ്കിലും അങ്ങനെ കൂട്ടായ ഒരു നീക്കം നടക്കുന്നുമില്ല. ഈ വർഷത്തെ ഹജ്ജ് സർവിസ് കരിപ്പൂരിൽനിന്ന് നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയതോടെ മലബാർ മേഖലയിൽനിന്നുള്ള ബഹുഭൂരിഭാഗം വരുന്ന ഹജ്ജ് തീർഥാടകർക്ക് ഒട്ടേറെ പ്രയാസം അനുഭവിക്കേണ്ടിവന്നിട്ടും സർ

ക്കാർ നിസ്സംഗത പുലർത്തുകയാണ്. കരിപ്പൂരിലെ ഹജ്ജ് ഹൗസ് വെറുതെ കിടക്കുമ്പോൾ നെടുമ്പാശ്ശേരിയിൽ പുതിയ ഹജ്ജ് ഹൗസ് പണിയുമെന്ന പ്രഖ്യാപനമാണ് ഉത്തരവാദപ്പെട്ടവർ നടത്തുന്നത്.

നിർത്തിവെച്ച സർവിസുകൾ പുനരാരംഭിക്കാൻ സുരക്ഷാ പരിശോധനകൾക്കുശേഷം വിമാന കമ്പനികൾ സന്നദ്ധത അറിയിച്ചിട്ടും അനുമതി നൽകുന്നില്ലെന്നതാണ് പുതിയ വിവരം.

ഈ വിലക്ക് കാരണം 2200 ഓളം സീറ്റുകളാണ് പ്രതിദിനം കരിപ്പൂരിൽനിന്ന് നഷ്ടമായത്. ഇത്രയും യാത്രക്കാർ നെടുമ്പാശ്ശേരിയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. വിമാനങ്ങൾ കുറഞ്ഞതോടെ കരിപ്പൂരിലേക്കുള്ള ടിക്കറ്റ് നിരക്ക് കമ്പനികൾ കുത്തനെ കൂട്ടുകയും ചെയ്തു. ഗൾഫിൽ സ്കൂൾ അവധിക്കാലവും ഈദ്, ഓണം തുടങ്ങിയ ആഘോഷങ്ങളും വരാനിരിക്കുന്ന സാഹചര്യത്തിൽ യാത്രാപ്രശ്നം അടിയന്തരമായി പരിഹരിക്കാൻ വലിയ വിമാനങ്ങൾക്ക് അനുമതി നൽകുകയും കൂടുതൽ ബജറ്റ് വിമാനക്കമ്പനികൾക്ക് സർവിസിന് തുറന്നുകൊടുക്കുകയും വേണം.



## 13

## പ്രവാസി സ്ഥിതി വിവരകണക്ക്

മലയാളിയുടെ ഗൾഫ് പ്രവാസം അരനൂറ്റാണ്ട് പിന്നിട്ടെങ്കിലും എത്ര മലയാളികൾ ഇന്ത്യക്ക് പുറത്ത് കഴിയുന്നുണ്ട് എന്നതിന് നമ്മുടെ സർക്കാറിന്റെ പക്കൽ കൃത്യമായ കണക്കില്ല എന്നത് ആശ്ചര്യമുണ്ടാക്കുന്ന കാര്യമാണ്. 75 മുതൽ 80 ലക്ഷം വരെ ഇന്ത്യക്കാർ  വിവിധ ഗൾഫ് രാജ്യങ്ങളിലുണ്ടെന്നാണ് അവിടത്തെ സർക്കാറുകളുടെ കണക്ക്.  അതിൽ സംസ്ഥാനം തിരിച്ചുള്ള കണക്കു ലഭ്യമല്ലെങ്കിലും 40 ശതമാനമെങ്കിലും കേരളീയർ ആണെന്ന് കരുതാം. എങ്കിൽ 30-32 ലക്ഷത്തിൽ കൂടുതൽ മലയാളികൾ പ്രവാസികളായി ഈ നാടുകളിൽ ജീവിക്കുന്നുണ്ട്.  എന്നാൽ, കേരള സർക്കാറിന്റെ 2013 ലെ പ്രവാസി സെൻസസ് പ്രകാരം കേരളത്തിലെ 3.33 കോടി ജനങ്ങളിൽ 16.25 ലക്ഷം പേർ മാത്രമാണ് പ്രവാസികൾ. അടിസ്ഥാന വിവരമായ പ്രവാസികളുടെ കൃത്യമായ എണ്ണമില്ലാതെ എങ്ങനെയാണ് സർക്കാറുകൾക്ക്  പ്രവാസി പദ്ധതികൾ ആവിഷ്ക

രിക്കാനാവുക. വാർഡ് തോറും വീടുകളിൽ കയറിയിറങ്ങി സർക്കാർ തലത്തിൽ ഒന്നോ രണ്ടോ ദിവസം കൊണ്ട് സമാഹരിക്കാവുന്ന വിവരമാണിത്. പാസ്പോർട്ട് വിമാനത്താവളങ്ങളിൽ കാണിച്ച് തീർത്തും ഔദ്യോഗികമായി നടക്കുന്ന യാത്രയുടെ കണക്കും ലഭ്യമാണ്. സർക്കാറിൻെറ ഒരു നിർദേശം മാത്രം മതി ഇവ ലഭിക്കാൻ. വിദേശത്ത് ജോലിക്കുള്ള വിസ ലഭിച്ചാലും പ്രവാസം മതിയാക്കി വന്നാലും ഉടനെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമാക്കിയാൽ ഈ ഡാറ്റാബാങ്ക് അപ്പപ്പോൾ പുതുക്കിക്കൊണ്ടിരിക്കുകയുമാകാം. ഓരോ പ്രവാസിയും ഏതു രാജ്യത്ത്, ഏതു സ്പോൺസറുടെ കീഴിൽ, എന്തു ജോലി ചെയ്യുന്നു തുടങ്ങിയ സ്ഥിതിവിവര കണക്കുകൾ അതത് തദ്ദേശ സ്ഥാപനങ്ങളിൽ ലഭ്യമായാൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും പ്രതിസന്ധി ഘട്ടങ്ങളിൽ തീരുമാനങ്ങളെടുക്കാനും അധികാരികൾക്ക് എളുപ്പമാകും.




POVERTY ₹

# 14

## ബി.പി.എല്ലും എ.പി.എല്ലും

എത്ര പാവപ്പെട്ടവനാണെങ്കിലും പ്രവാസിയായാൽ പിന്നെ അവനെ ദാരിദ്ര്യ രേഖക്ക് മുകളിലുള്ളവരുടെ (എ.പി.എൽ) പട്ടികയിലേക്ക് മാറ്റും. സർക്കാറിൻെറ എല്ലാവിധ ആനുകൂല്യങ്ങളിൽ നിന്ന് പുറത്താവുകയും ചെയ്യും. എന്നാൽ, നാട്ടിലേക്കാൾ പരിതാപകരമായ അവസ്ഥയിലും കുറഞ്ഞ ശമ്പളത്തിലും ജീവിക്കുന്ന ലക്ഷക്കണക്കിന് പ്രവാസികളാണുള്ളത്. താമസ യാത്രാ ചെലവുകൾ കഴിഞ്ഞാൽ കാര്യമായൊന്നും മിച്ചംപിടിക്കാനാവാത്തവരും കടക്കെണിയിൽ കുടുങ്ങിയതുകൊണ്ടുമാത്രം പ്രവാസം തുടരാൻ നിർബന്ധിതരായവരുമുണ്ട്. അതുകൊണ്ടുതന്നെ, പ്രവാസിയാണെങ്കിലും വരുമാനം കണക്കിലെടുത്തുവേണം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെയും മുകളിലുള്ളവരെയും നിർണയിക്കാനെന്ന ആവശ്യം പരിഗണിക്കപ്പെടേണ്ടതാണ്. കേരള സർക്കാറിൻെറയും പ്രവാസികാര്യ വകുപ്പിൻെറയും പല പദ്ധതിക്കും വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്. വരുമാന സെൻസസ് എടുക്കാൻ വരുന്ന ഉദ്യോഗ

സ്ഥർ കുറിക്കുന്ന വാർഷിക വരുമാനം പല സാധാരണക്കാരായ പ്രവാസിയെയും ദാരിദ്ര്യരേഖക്ക് മുകളിലാണ് എത്തിച്ചിരിക്കുന്നത്. അതുകൊണ്ട്, പല അവകാശങ്ങളും അവർക്ക് നഷ്ടമാവുന്നു.





# 15

## റിക്രൂട്ട്മെൻറ് തട്ടിപ്പ് തടയണം

ഗൾഫിലേക്കുള്ള തൊഴിൽ റിക്രൂട്ട്മെൻറുകളിൽ തട്ടിപ്പും സുതാര്യതയില്ലായ്മയും ഇന്നും പൂർണമായി അവസാനിച്ചിട്ടില്ല. സ്വകാര്യ ഏജൻസികൾ വഴി വഞ്ചിക്കപ്പെടുന്നവരുടെ എണ്ണം കുറയുന്നില്ല. പറഞ്ഞ ജോലിയോ വേതനമോ നൽകാതെ പീഡിപ്പിക്കുകയാണ് എന്നാണ് സ്ഥിരം കേൾക്കുന്ന പരാതികൾ. ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഏജൻസികൾക്ക് മൂക്കുകയറിടുകതന്നെ വേണം.

യുവതികളെ നഴ്സിങ്, വീട്ടുജോലി എന്നൊക്കെ പറഞ്ഞ് മോഹന വാഗ്ദാനങ്ങൾ നൽകി കൊണ്ടുവന്ന് വേശ്യാവൃത്തിയിലേക്ക് തള്ളിവിടുന്ന പ്രവണത ഇല്ലാതാക്കാൻ സർക്കാർ സംവിധാനത്തിനു പൂർണമായി സാധിച്ചിട്ടില്ല. ഗൾഫിലേക്ക് റിക്രൂട്ട് ചെയ്യുന്ന ആളുടെ പേരു വിവരങ്ങൾ പൊലീസ് സ്റ്റേഷൻ വഴി ക്രമീകരിക്കുകയും വിദേശത്ത് ഉപയോഗിക്കേണ്ട സിം കാർഡ് നാട്ടിൽ നിന്നുതന്നെ ഉദ്യോഗാർഥിക്ക് എത്തിക്കുന്ന വിധത്തിലുള്ള സംവിധാനം നടപ്പാക്കണം. കേന്ദ്ര സർക്കാറോ സംസ്ഥാന സർക്കാറോ അംഗീകരിക്കാത്ത ഏജൻസികളെ റിക്രൂട്ട് ചെയ്യാൻ അനുവദിക്കരുത്. ഈ അംഗീകാരം രേഖപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് ഏജൻസികൾ പ്രദർശിപ്പിക്കണം. പത്രങ്ങളിലോ മറ്റു മാധ്യമങ്ങളിലോ പരസ്യം ചെയ്യാൻ ഇത്തരക്കാർക്കേ അനുവാദം നൽകാവൂ.

റിക്രൂട്ട് ചെയ്യാൻ വാങ്ങുന്ന പണം ഏജൻസി വാഗ്ദാനം ചെയ്ത തൊഴിലും ശമ്പളവും ആനുകൂല്യങ്ങളും വിദേശത്ത് ലഭിക്കുന്നില്ലെങ്കിൽ തിരികെ കൊടുക്കണം. വാഗ്ദാനം ചെയ്യപ്പെട്ട ശമ്പളവും ആനുകൂല്യങ്ങളും ലഭിച്ചില്ലെങ്കിൽ വിദേശത്ത് ആ കമ്പനിക്കെതിരെ നടപടിയെടുക്കാനും പകരം തൊഴിലോ നാട്ടിലേക്ക് തിരിച്ചു


വരാനുള്ള ടിക്കറ്റോ നൽകാനുള്ള വ്യവസ്ഥകളടങ്ങിയ കരാർ ഉണ്ടാക്കണം. ഇത്തരമുള്ള തൊഴിൽ സുരക്ഷിതത്വം ഉറപ്പുനൽകുന്ന, വിദേശത്തെ സർക്കാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഉള്ളവരെ മാത്രമേ വിദേശത്ത് തൊഴിലിനായി പോകാൻ അനുവദിക്കാവൂ. വിദേശ ജോലിക്കായുള്ള എല്ലാ റിക്രൂട്ട്മെൻറുകളും സർക്കാർ തലത്തിലോ മേൽനോട്ടത്തിലോ ആക്കണമെന്നതാണ് ആത്യന്തികമായി നിയമന തട്ടിപ്പുകൾ തടയാൻ ചെയ്യേണ്ടതെന്നും ചൂണ്ടിക്കാട്ടപ്പെടുന്നു.

**തയാറാക്കിയത്: എം. ഫിറോസ്ഖാൻ**
mfiroskhan@gmail.com




ഗൾഫ് മാധ്യമം

പ്രവാസി
അവകാശ പത്രിക


ഒരു ശബ്ദമാകണം; ഒരുമ വേണം
പ്രതിഷേധ വോട്ടാണ് ശക്തിയേറിയ ആയുധം
റേഷൻ കാർഡ് പോലും നിഷേധിക്കപ്പെട്ടവർ
പ്രവാസികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കണം
വാഗ്ദാനങ്ങൾ നിർത്തി നടപടികൾ എടുക്കൂ
യാത്രാ പ്രശ്നം പരിഹരിക്കാൻ കേരളത്തിനും വേണം വ്യോമയാന വകുപ്പ്
പ്രവാസിക്ക് കഞ്ഞി കുമ്പിളിൽ തന്നെ
മാധ്യമം പ്രവാസി അവകാശരേഖ
വോട്ട് 2016




2016ലെ നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി
വിവിധ ഗൾഫ് രാജ്യങ്ങളിലെ മലയാളി പ്രവാസികളിൽ
നിന്ന് അഭിപ്രായ സമാഹരണം നടത്തി തയാറാക്കിയത്.